# – ശ്രദ്ധ –

## കൂടുതൽ മികവിലേക്ക്
## ഓരോ കുട്ടിയും
## ഓരോ ക്ലാസ്സും
## - ഓരോ വിദ്യാലയവും -

## ഹൈസ്കൂൾ തലം

# സാമൂഹ്യപാഠം

# ആമുഖം

കേരളത്തിലെ പൊതു വിദ്യാഭ്യാസം അനുദിനം ഗുണപരമായി വളർന്നുവരികയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നാം ലക്ഷ്യം വെക്കുന്നത് അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയം പ്രാവർത്തികമാക്കാൻ ഗുണനിലവാരം ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്.

ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ മാറ്റം വിദ്യാഭ്യാസ രംഗത്തും സമൂലമായ മാറ്റം സൃഷ്ടിച്ചിരിക്കുന്നു. ഗുണത, തുല്യത എന്നീ ലക്ഷ്യങ്ങൾ നാം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ അക്കാദമിക, ഭൗതിക പിന്തുണ ഉറപ്പാക്കാൻ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇതിനായി നിരവധി പ്രവർത്തനങ്ങൾ നടുവരുന്നു.

പൊതു വിദ്യാലയങ്ങളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അടിസ്ഥാന ആശയ ധാരണകൾ ഉറപ്പാക്കുന്നതിനും, നേടിയ ആശയ ധാരണകളെ പ്രയോഗവൽക്കരിക്കാനും അവസരം ഒരുക്കേണ്ടതുണ്ട്. അതിനായി സർക്കാർ ആരംഭിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രദ്ധ.

കഴിഞ്ഞ കാലങ്ങളിൽ ശ്രദ്ധ, നവപ്രഭ എന്നീ പദ്ധതികൾ കേരള സമൂഹം തുറന്ന മനസ്സോടെ ഏറ്റെടുത്തു. അതിന്റെ ഗുണത ഉൾക്കൊണ്ടാണ് ഈ പദ്ധതിയും പ്രാവർത്തികമാക്കുന്നത്.

8, 9 & 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് തങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന ക്ലാസ്സിൽ നേടേണ്ട ആശയങ്ങളിൽ ചിലതെങ്കിലും ഇനിയും നേടാനുണ്ടായേക്കാം. അത്തരം ഒരു അക്കാദമിക മികവ് നേടുന്നതിനും പഠന പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനും ലളിതമായ പ്രവർത്തനങ്ങളിലൂടെ ആശയ ധാരണകളെ കുട്ടികളിൽ ഉറപ്പിക്കുന്നതിനും ഈ കൈപ്പുസ്തകത്തിലെ പ്രവർത്തനങ്ങൾക്ക് സാധിക്കട്ടെ. ഇത് അധ്യാപകരിലും, കുട്ടികളിലും, രക്ഷിതാക്കളിലും ആത്മവിശ്വാസം ഉണ്ടാക്കും എന്നത് ഉറപ്പാണ്.

ഹൈസ്കൂൾ ക്ലാസ്സുകളിൽ കുട്ടികൾ നേടേണ്ട അടിസ്ഥാന ആശയങ്ങളും, അവയുടെ സാമാന്യമായ ഒരു ഉയർന്ന തലവും ഈ പ്രവർത്തന പദ്ധതിയിൽ ഉൾച്ചേർത്തിട്ടുണ്ട്. പ്രക്രിയാബന്ധിതമായി നടക്കേണ്ട ഈ പ്രവർത്തനനങ്ങൾ കുട്ടികൾ സന്തോഷത്തോടെ ഏറ്റെടുക്കാൻ അധ്യാപകരുടെ മികച്ച ആസൂത്രണം ആവശ്യമാണ്. ഓരോ പ്രവർത്തന ങ്ങളും ശിശുകേന്ദ്രീകൃതമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. ഓരോ പ്രവർത്തനത്തിനും ആവശ്യമായ സാമഗ്രികൾ പ്രവർത്തനത്തോടൊപ്പം ചേർത്തിട്ടുണ്ട്. ചർച്ചയിൽ പങ്കെടു ക്കുന്ന കുട്ടികൾ അവർ തയ്യാറാക്കിയ കുറിപ്പുകൾ പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

പ്രവർത്തനങ്ങൾക്ക് ആവശ്യമായ outline map കൾ, വർക്ക്ഷീറ്റുകൾ എന്നിവ മുൻകൂട്ടി തയ്യാറാക്കേണ്ടതുണ്ട്. ഓരോ പ്രവർത്തന ഘട്ടത്തിലും നിരന്തരമായ വിലയിരുത്തലുകൾ (കുട്ടികൾ, അധ്യാപിക) സാധ്യതകൾ ഉണ്ട്. ഓരോ ഘട്ടത്തിലും ഉണ്ടാകേണ്ട ഉൽപ്പ ന്നങ്ങളെ സംബന്ധിച്ച സൂചനകൾ നൽകിയിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വളരെ ക്രിയാത്മകമായി ഇടപെടാനുള്ള അവസരങ്ങൾ പഠന പ്രവർത്തനത്തിൽ നൽകി യിരിക്കുന്നു.

ജനകീയ വിദ്യാഭ്യാസത്തിന്റെ അടിത്തറ കുട്ടികളുടെ അക്കാദമിക മികവാണ്. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് പ്രവർത്തനത്തിലേർപ്പെടാൻ അധ്യാപിക ശ്രദ്ധി ക്കേണ്ടതാണ്. പഠന മികവിന്റെ ഭാഗമായി കുട്ടികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദർശി പ്പിക്കാൻ മറക്കരുതേ. ഇതിലെ പ്രവർത്തനങ്ങൾ അനുയോജ്യമായ സമയം കണ്ടെത്തി അവതരിപ്പിക്കുന്നതിൽ ശ്രദ്ധിക്കുമല്ലോ.

***ശ്രദ്ധയിൽ ശ്രദ്ധയോടെ ഒരു ചുവടുവെയ്പ്.***
***ശ്രദ്ധ എല്ലാവരുടേയും ശ്രദ്ധയിൽപ്പെടട്ടെ.***

## ടീച്ചറോട്

സമയപരിമിതി പോലെയുള്ള കാരണങ്ങളാൽ എല്ലാപ്രവർത്തനങ്ങളും ഏറ്റെടുക്കാൻ കഴിയാതെ വന്നാൽ താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഒഴിവാക്കാവുന്നതാണ്.

1. ചരിത്ര കാലഘട്ടം (5 മണിക്കൂർ)
2. വികസനത്തിന്റെ പാതയിൽ
   പ്രവർത്തനം 2 - കരുതലോടെ (2 മണിക്കൂർ)
3. തെരഞ്ഞെടുപ്പും ഗവൺമെന്റും എന്ന മേഖലയിലെ
   പ്രവർത്തനങ്ങൾ (5 മണിക്കൂർ)
4. പ്രകൃതിയെ അറിയാം (2 മണിക്കൂർ)

# ചരിത്രം – കാലഘട്ടം

## ഒന്നാംഘട്ട ശില്പശാല

5 മണിക്കൂർ

**ഉദ്ദേശ്യം**

ചരിത്ര വസ്തുതകളെ അറിയാനും വിശകലനം ചെയ്യാനുമുള്ള ധാരണ നേടുന്നതിന്

ചരിത്ര സ്രോതസ്സുകളെ സംബന്ധിച്ച ധാരണ നേടുന്നതിന്

മധ്യകാല ചരിത്രത്തിൽ നിന്ന് ആധുനിക ചരിത്രത്തിലേക്കുള്ള കാലഘട്ടത്തിലെ മനുഷ്യജീവിതത്തെ സംബന്ധിച്ച് ധാരണ നേടുന്നതിന്.

### പ്രവർത്തനം – 1

നിങ്ങളുടെ വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പട്ടിക തയ്യാറാക്കാമോ?

വ്യക്തിഗതമായി ഉപകരണങ്ങളുടെ പേരുകൾ കുട്ടികൾ കുറിക്കുന്നു.

ഈ ഉപകരണങ്ങൾ എന്തുകൊണ്ട് നിർമ്മിച്ചവയാണ്?

### പ്രവർത്തനം – 2

ഇന്ന് നാം ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഉപകരണങ്ങൾക്ക് പകരം പണ്ട് കാലത്ത് മനുഷ്യൻ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ ഏതെല്ലാം?

അവ എന്ത് കൊണ്ട് നിർമിച്ചവയായിരുന്നു?

ഇന്ന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ എന്തുകൊണ്ട് നിർമ്മിച്ചവയാണ്.

നിങ്ങളുടെ കണ്ടെത്തലുകൾ – പട്ടികപ്പെടുത്താമോ?

| പഴയകാല ഉപകരണങ്ങൾ | ആധുനിക ഉപകരണങ്ങൾ |
|---|---|
| കല്ലുകൊണ്ടുണ്ടാക്കിയ ആയുധങ്ങൾ | ലോഹങ്ങൾ കൊണ്ട് ഉണ്ടാക്കിയ ആയുധങ്ങൾ |
| കളിമൺ പാത്രങ്ങൾ | |
| | |
| | |
| | |

വിപുലീകരിച്ച പട്ടിക അവതരിപ്പിക്കുന്നു.

## ക്രോഡീകരണം

ആദ്യകാലത്ത് മനുഷ്യൻ കല്ല്, കൊമ്പ്, മരം എിവകൊണ്ടാണ് ആയുധങ്ങളും ഉപകരണങ്ങളും നിർമ്മിച്ചത്.

ഇന്ന് ലോഹങ്ങൾ ഉപകരണ നിർമാണത്തിനും ഉപയോഗിക്കുന്നു. ലോഹങ്ങൾക്ക് പകരം പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ഉപകരണങ്ങളിൽ വൈവിധ്യത ഉണ്ട്. പല ആവശ്യങ്ങൾക്കായി ഒരു ഉപകരണം തന്നെ മനുഷ്യൻ ഉണ്ടാക്കാൻ തുടങ്ങി. ഉപകരണങ്ങൾ നവീകരിക്കുന്നുണ്ട്.

പുതിയ ഉപകരണങ്ങൾ നിർമിക്കാൻ മനുഷ്യനെ പ്രേരിപ്പിച്ച ഘടകങ്ങൾ കണ്ടെത്താമോ?

കുട്ടികളെ 5 ഗ്രൂപ്പുകളാക്കുന്നു

**സൂചകങ്ങൾ**

- ജനസംഖ്യാ വർദ്ധനവ്
- ആവശ്യങ്ങളുടെ വർദ്ധനവ്
- ഉപകരണങ്ങൾ നവീകരിക്കേണ്ടതിന്റെ ആവശ്യകത
- പുതിയ കണ്ടുപിടുത്തങ്ങൾ
- ലോഹത്തിന്റെ കണ്ടുപിടുത്തം

ഗ്രൂപ്പിൽ ചർച്ച.

ആവശ്യമായ സൂചകങ്ങൾ ടീച്ചർ നല്കേണ്ടതാണ്.

കണ്ടെത്തലുകൾ ഗ്രൂപ്പിൽ തന്നെ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

5 ഗ്രൂപ്പുകളുടെയും അവതരണശേഷം ടീച്ചർ ക്രോഡീകരിക്കുന്നു.

ഉപകരണങ്ങൾ നവീകരിക്കാത്ത കാലത്ത് മനുഷ്യൻ താമസിച്ചിരുന്നത് എവിടെ?

അന്നത്തെ മനുഷ്യന്റെ ജീവിതരീതി എങ്ങനെ?

ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് അറിവ് ലഭിക്കുന്നതെവിടെനിന്ന്?

തുടങ്ങിയ ചോദ്യങ്ങളിലൂടെ മനുഷ്യന്റെ ഗുഹാവാസത്തെ സംബന്ധിച്ച ധാരണ രൂപീകരിക്കുന്നു.

*ഗുഹയിൽ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ജീവിതരീതി മനസ്സിലാക്കാൻ സഹായിക്കുന്ന സ്രോതസ്സുകൾ കണ്ടെത്താമോ?*

കുട്ടികൾ വ്യക്തിഗതമായി കുറിക്കുന്നു.

- ഗുഹാ ചിത്രങ്ങൾ സമഗ്ര പ്രയോജനപ്പെടുത്തി പ്രദർശിപ്പിക്കണം.
- അവശിഷ്ടങ്ങൾ
- കുട്ടികളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

## *ക്രോഡീകരണം*

*ചരിത്രാവശേഷിപ്പുകളിൽ നിാണ് പ്രാചീന മനുഷ്യനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നേടാൻ കഴിയുന്നത്. ലഭ്യമായ തെളിവുകളെ വ്യാഖ്യാനിച്ചാണ് നാം ചില നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. ചരിത്രകാലത്തെ പുരാതനം, മധ്യകാലം, ആധുനികം എിങ്ങനെ കാലഗണനാക്രമത്തിൽ അവതരിപ്പിക്കാം.*

മനുഷ്യൻ സ്ഥിരതാമസം ആരംഭിച്ച ശേഷം മനുഷ്യപുരോഗതിയിലുണ്ടായ മാറ്റങ്ങളാണ്

കൃഷി, മൃഗങ്ങളെ മെരുക്കി വളർത്തൽ തുടങ്ങിയവ. മറ്റ് മാറ്റങ്ങൾ കണ്ടെത്താമോ?

കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കട്ടെ

- മനുഷ്യന്റെ സ്ഥിരതാമസം കൃഷിയെ പ്രോത്സാഹിപ്പിച്ചു. നദീ തീരങ്ങളിൽ കൃഷി ചെയ്ത് സ്ഥിരതാമസം ആരംഭിച്ചു.
- ഇത് മനുഷ്യനെ ഒരു പുതിയ സംസ്കാരത്തിലേക്ക് നയിച്ചു.
- നദീ തീരങ്ങളിൽ പുതിയ സംസ്കാരങ്ങൾ ഉടലെടുത്തു.

## പ്രവർത്തനം - 4

എന്തുകൊണ്ടായിരിക്കും നദീതടങ്ങൾ സംസ്കാരകേന്ദ്രങ്ങളായത്?

**ചർച്ച**

പ്രാചീന നദീതട സംസ്കാരങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ 'സമഗ്ര' പ്രയോജനപ്പെടുത്തി അവതരിപ്പിക്കുന്നു.

നദീതീരങ്ങളിൽ നിലനിന്നിരുന്ന സംസ്കാരം പട്ടികപ്പെടുത്താമോ?

| **നദീതീരം** | **നിലനിന്ന സംസ്കാരത്തിന്റെ പേര്** |
|---|---|
| 1. സിന്ധുനദി | 1. ഹാരപ്പ |
| 2. | 2. |
| 3. | 3. |
| 4. | 4. |
| 5. | 5. |

വിവിധ സംസ്കാര കാലത്തെ ജീവിതത്തോടെ മാനവരാശിക്ക് / മാനവ പുരോഗതിയിൽ ഗണ്യമായ വളർച്ച രൂപപ്പെട്ടു.

ഇവ ഏതെല്ലാം മേഖലയിലാണെന്ന് ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ കണ്ടെത്തുക. കുട്ടികൾ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

- തൊഴിൽ
- നഗരജീവിതം
- കല
- ആചാരങ്ങൾ, വിശ്വാസങ്ങൾ
- പുതിയകണ്ടുപിടുത്തങ്ങൾ

ടീച്ചർ: മേൽ സൂചിപ്പിച്ച മേഖലകളിലെ വികാസം ജനതയെ പുതിയ ജീവിതരീതിയിലേക്കും പുതിയ നിയന്ത്രണങ്ങളിലേക്കും/ സ്വാതന്ത്ര്യത്തിലേക്കും നയിച്ചു.

ഇത് പിൽകാലത്ത് സാമൂഹ്യനിയന്ത്രണങ്ങളിലേയ്ക്കും അധികാര ഘടനയിലേക്കും വഴിവെച്ചു.

## പ്രവർത്തനം - 7

താഴെ കൊടുത്തിരിക്കുന്ന ആശയങ്ങളെ പുരാതനകാലം - മധ്യകാലം - ആധുനിക കാലം എന്ന ക്രമത്തിൽ പട്ടികപ്പെടുത്താമോ?

1. ഹാരപ്പൻ സംസ്കാരകാലം
2. ഓട്ടോമാൻ സാമ്രാജ്യം
3. പൗരസ്ത്യറോമാ സാമ്രാജ്യം
4. ഇന്ത്യ സ്വതന്ത്രമാകുന്നു
5. പുത്തൻ സാമ്പത്തിക നയം
6. വെങ്കലയുഗം.

പട്ടികകൾ പൂർത്തീകരിച്ചവ അവതരിപ്പിക്കുന്നു.

ടീച്ചർ: എന്തുകൊണ്ട് ചരിത്ര കാലത്തെ ഇങ്ങനെ തരംതിരിച്ചിരിക്കുന്നു

ടീച്ചർ: എന്തടിസ്ഥാനത്തിലാണ് ആശയങ്ങളെ മൂന്ന് വ്യത്യസ്ത തലകെട്ടുകളിലേക്ക് ഉൾകൊള്ളിച്ചത്?

കുട്ടികൾ പ്രതികരിക്കുന്നു.

*ആദ്യകാല മനുഷ്യർ ഉപയോഗിച്ചു വന്നിരുന്ന ഉപകരണങ്ങളുടെയും ആയുധങ്ങളുടെയും നവീകരണവും മനുഷ്യജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കി. കാലാനുസൃതമായി ഉണ്ടായ പുരോഗതി മനുഷ്യജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് ഘട്ടങ്ങളിലൂടെയാണ് പ്രധാനമായും വിശകലനം ചെയ്യുന്നത്. ശിലായുഗം മുതൽ സംസ്കാരങ്ങളുടെ കാലഘട്ടം ഉൾപ്പെടെ പ്രാചീനമെന്നും സി.ഇ അഞ്ചാം നൂറ്റാണ്ടുമുതൽ 15 -ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടം. മധ്യകാല ഘട്ടമായും തുടർന്നുള്ളത് ആധുനിക കാലഘട്ടമായും പരിഗണിക്കുന്നു. കാലവിഭജനത്തിന് കൃത്യമായ അതിർവരമ്പുകളില്ല.*

തുടർന്ന് 8, 9, 10 ക്ലാസ്സുകളിലെ കുട്ടികളെ 3 ഗ്രൂപ്പുകളായി തിരിക്കുന്നു.

**8-ാം ക്ലാസ്സ് - പ്രാചീനകാലം**
**9-ാം ക്ലാസ്സ് - മധ്യകാലം**
**10-ാം ക്ലാസ് - ആധുനിക കാലം**

ഗ്രൂപ്പുകൾക്ക് 4 സൂചന നൽകുന്നു.

1. കാലഘട്ടം
2. അധികാര രൂപങ്ങൾ
3. തൊഴിൽ
4. സാമൂഹ്യ സാംസ്കാരിക പുരോഗതി.

മേൽപറഞ്ഞ സൂചനകളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പുകൾ വായനാക്കുറുപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.

## ടീച്ചറോട്

ഗ്രൂപ്പുകളിൽ കുട്ടികൾ ചർച്ച ചെയ്ത് ഓരോ ഘട്ടത്തിലും അധ്യാപികയുടെ ഇടപെടൽ ഉറപ്പു വരുത്തണം.
കുട്ടികളുടെ കണ്ടെത്തലുകൾ സെമിനാർ രൂപത്തിൽ അവതരിപ്പിക്കാം.
വിവര ശേഖരണത്തിനായി 8, 9 & 10 ക്ലാസ്സുകളിലെ പാഠപുസ്തകത്തെയും ഐ.സി.റ്റി. സാധ്യതകളെയും പ്രയോജനപ്പെടുത്താവുന്നതാണ്.

എട്ടാം ക്ലാസ്സിലെ ഗ്രൂപ്പ് ശിലായുഗ കാലഘട്ടം നദീതട സംസ്ക്കാര കാലഘട്ടം, ഇരുമ്പ് യുഗം എിവയെ സംബന്ധിച്ച് സമഗ്രമായ വിവരശേഖരണമാണ് നടത്തേണ്ടത്.
ഒമ്പതാം ക്ലാസ്സിലെ ഗ്രൂപ്പ് മധ്യകാല ലോകത്തെ യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽ നിലനിന്നിരുന്ന അധികാര രൂപങ്ങളുടെ സവിശേഷതകളും വ്യത്യസ്തതകളും കണ്ടെത്തി അവതരിപ്പിക്കട്ടെ. ഇവിടെ ഭൂപട വായനയുടെ സാധ്യതകളും പരിഗണിക്കണം.
പത്താം ക്ലാസ്സിലെ ഗ്രൂപ്പ് നവോത്ഥാന മുന്നേറ്റംമുതൽ വ്യവസായ വിപ്ലവം, സാമ്രാജ്യത്തം, ആധുനിക വിപ്ലവങ്ങൾ, സമകാലിക ലോകം വരെയുള്ള ചരിത്ര ഭാഗത്തെ സാധ്യമായ കണ്ടെത്തലുകൾ നടത്തട്ടെ.

കുട്ടികളുടെ അവതരണത്തിന് ശേഷം ടീച്ചർ ക്രോഡീകരിക്കുന്നു.

*ഓരോ കാലഘട്ടവും മനുഷ്യ ജീവിതത്തേയും മനുഷ്യന്റെ കാഴ്ചപ്പാടുകളേയും രൂപീകരിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നുണ്ട്.*

ടെക്സ്റ്റ് ബുക്കിലെ സാധ്യമായ ആശയങ്ങൾ 8, 9, 10 ക്ലാസ്സിനനുസരിച്ച് ടീച്ചർ ഈ ഘട്ടത്തിൽ പരിചയപ്പെടുത്താൻ ശ്രമിക്കുമല്ലോ?

# ഇന്ത്യാ ചരിത്രം

1 മണിക്കൂർ

**ഉദ്ദേശ്യം**

ഇന്ത്യയിൽ വിവിധ കാലഘട്ടങ്ങളിൽ ഉണ്ടായ ഭരണകർത്താക്കളെയും ഭരണ പ്രശ്ന ങ്ങളേയും ഇന്ത്യൻ ചരിത്ര കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുക. വൈദേശികാധിപത്യത്തിനെതിരെ ഇന്ത്യൻ ജനത നടത്തിയ സമരമാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരമെന്ന ധാരണ നേടുന്നതിന്.

**സാമഗ്രികൾ**

ബ്രിട്ടീഷ് ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം.

ദണ്ഡിമാർച്ച് വീഡിയോ (സമഗ്ര പോർട്ടൽ പ്രയോജനപ്പെടുത്താവുന്നതാണ്)

## പ്രവർത്തനം - 1 കാലഘട്ടങ്ങളിലൂടെ

ഇന്നത്തെ ഇന്ത്യയുടെ ഭരണ സംവിധാനത്തെ സംബന്ധിച്ച പ്രാഥമിക ചർച്ച

***സൂചകങ്ങൾ:-***

* കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾ
* ഭരണ കർത്താക്കൾ
* ഭരണ രീതി ജനാധിപത്യം
*
*
*
*
*
*
*

**ടീച്ചർ** - ഇന്ത്യയിൽ പ്രാചീന കാലത്തും ഇത്തരം ഭരണ രീതികളാണോ നിലനിന്നിരുന്നത്?

ഇന്ത്യയിലുണ്ടായിരുന്ന വിവിധ ഭരണപ്രദേശങ്ങളെക്കുറിച്ചും ഭരണകർത്താക്കളെക്കുറിച്ചും കുട്ടികൾ ലിസ്റ്റ് ചെയ്യട്ടെ. ലിസ്റ്റ് ചെയ്ത വിവരങ്ങളുടെ അവതരണത്തിന് ശേഷം കുട്ടികൾ തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് ഭരണ കർത്താക്കളുടേയും അവരുടെ ഭരണ പ്രദേശങ്ങളുടേയും ചരിത്രകാലഘട്ടത്തിനനുസരിച്ച് (പ്രാചീനം, മധ്യകാലം, ആധുനിക കാലം) തരം തിരിച്ച് എഴുതട്ടെ. തുടർന്ന് ഓരോ കാലഘട്ടത്തിലും ഇന്ത്യയിൽ നിലനിന്നിരുന്ന ഭരണ സംവിധാനങ്ങളെ തരംതിരിച്ച് 8, 9 & 10 ക്ലാസ്സുകളെ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിച്ച് അവയുടെ സവിശേഷതകൾ കണ്ടെത്താൻ ആവശ്യപ്പെടുക.

**8-ാം തരം ഗ്രൂപ്പ്:**

ആര്യന്മാരുടെ കാലത്തെ സാമൂഹ്യ ജീവിതം (ടി.ബി. ഗംഗാ സമതലത്തിലേക്ക്)

***സൂചനകൾ:-***

- ആര്യന്മാരുടെ ആദ്യകാല ജീവിതം.
- കാർഷിക വൃത്തിയുടെ വളർച്ച.
- വിശ്വാസ രീതി (മതവിശ്വാസം)
- ഗംഗാ സമതലത്തിലെ സാമൂഹ്യ ജീവിതം.

**9-ാം തരം ഗ്രൂപ്പ്:**

മധ്യകാലത്ത് തെക്കേ ഇന്ത്യയിൽ നിലനിന്നിരുന്ന ഭരണ സംവിധാനങ്ങളും സവിശേഷതകളും (ടി.ബി. മധ്യകാല ഇന്ത്യ രാജസങ്കൽപ്പവും ഭരണ രീതിയും).

***സൂചനകൾ:-***

- ചോളഭരണം.
  കേന്ദ്ര ഭരണം, ഗ്രാമ സ്വയംഭരണം.
- വിജയനഗര ഭരണം.
  കേന്ദ്ര ഭരണം, പ്രാദേശിക ഭരണം.
- മറാത്താ ഭരണം
  കേന്ദ്ര ഭരണം, പ്രാദേശിക ഭരണം.

**10-ാം തരം ഗ്രൂപ്പ്:**

ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങളെ എങ്ങനെ ബാധിച്ചു? (ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പും).

***സൂചനകൾ :-***

- ബ്രിട്ടീഷ് നയങ്ങൾ.
- ഭൂനികുതി വ്യവസ്ഥ
- കൃഷിയുടെ വാണിജ്യവൽക്കരണം.
- പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും ആധുനിക വ്യവസായങ്ങളുടെ ആരംഭവും.

മൂന്ന് ഗ്രൂപ്പുകളും കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

ടീച്ചർ മേൽ സൂചനകളെ അടിസ്ഥാനപ്പെടുത്തി ക്രോഡീകരണം.

*ഇന്ത്യയിൽ വിവിധ കാലഘട്ടങ്ങളിലുണ്ടായ ഭരണ സംവിധാനങ്ങൾ സാമൂഹ്യ-സാമ്പത്തിക - സാംസ്ക്കാരിക മേഖലകളിലെ ചരിത്ര വികാസത്തെ വളരെയധികം സ്വാധീനിച്ചു.*

## പ്രവർത്തനം - 2 സ്വാതന്ത്ര്യത്തിലേക്ക്

ഇന്ത്യയിൽ നിലനിന്നിരുന്ന രാജഭരണം അവസാനിക്കാനിടയായ സാഹചര്യങ്ങൾ ഏവ?

സൂചനകങ്ങൾ അടിസ്ഥാനത്തിൽ ചർച്ച സംഘടിപ്പിക്കുന്നു

* ഇന്ത്യയിൽ വൈദേശിക ആഗമനം പ്രാചീന മധ്യകാലം മുതലേ ഉണ്ടായിരുന്നു.
* ഇന്ത്യ അളവറ്റ സമ്പത്തിന്റെ കേന്ദ്രം.
* യൂറോപ്പിൽ നടന്ന വ്യവസായ വിപ്ലവം.
* അസംസ്കൃത വസ്തുക്കൾക്കും കമ്പോളത്തിനും വേണ്ടിയുള്ള മൽസരങ്ങൾ.
* കോളനി വൽക്കരണം.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആധിപത്യമുറപ്പിച്ച യൂറോപ്യൻമാരെക്കുറിച്ച് ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെടുന്നു.

യൂറോപ്യന്മാർ വന്ന കാലഘട്ടം , കയ്യടക്കിയ പ്രദേശങ്ങൾ തുടങ്ങിയവ ടെസ്റ്റ് ബുക്കിന്റെ സഹായത്തോടെ കണ്ടെത്തുന്നു.

**കാലഗണനാപട്ടിക തയ്യാറാക്കുമല്ലോ**

* പോർച്ചുഗീസുകാർ.
* ഡച്ചുകാർ.
* ഫ്രഞ്ചുകാർ.
* ബ്രിട്ടീഷുകാർ

ടീച്ചർ ബ്രിട്ടീഷ് ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം പ്രദർശിപ്പിക്കുന്നു. ഇന്ത്യയുടെ ഭൂരി ഭാഗം പ്രദേശങ്ങളിലും ആധിപത്യമുറപ്പിച്ചത് ബ്രിട്ടീഷുകാരാണെ് കുട്ടികൾ നിരീക്ഷി ക്കുന്നു.

ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ ടീച്ചർ സൂചിപ്പിക്കുന്നു.

* പരമ്പരാഗത കാർഷിക, വ്യാവസായിക മേഖലയുടെ തകർച്ച.
* ബ്രിട്ടീഷ് ചൂഷണ രീതികൾ.
* ദാരിദ്ര്യം.
* രാഷ്ട്രീയ അടിമത്തം

## പ്രവർത്തനം

ടീച്ചർ ദണ്ഡി മാർച്ചിന്റെ വീഡിയോ കാണിക്കുന്നു. ഏത് സമരത്തിന്റെ ഭാഗമായാണ് ഈ മാർച്ച് എന്ന് നിരീക്ഷിക്കാൻ ആവശ്യപ്പെടുന്നു.

സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന ചില സമരങ്ങൾ ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെടുന്നു.

* 1857 വിപ്ലവം.
* ചമ്പാരൻ സമരം.
* അഹമ്മദാബാദ് തുണി മിൽ സമരം.
* ക്വിറ്റ് ഇന്ത്യ
*

*ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ മാറ്റങ്ങൾക്കനുസൃതമായി ഇന്ത്യയിലും നട മാറ്റ ങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരം.*

# വികസനത്തിന്റെ പാതയിൽ

2 മണിക്കൂർ

**ഉദ്ദേശ്യം**

സ്വാതന്ത്ര്യാനന്തരം വിവിധ മേഖലകളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ ബോധ്യപ്പെടുതിന്, സമകാലിക ലോകത്ത് ഇന്ത്യയുടെ വിവിധ മേഖല യിലുള്ള പുരോഗതി മനസ്സിലാക്കുന്നതിന്.

**സാമഗ്രികൾ**

T.B. പത്താം ക്ലാസ് S.S.I.

സമഗ്രയിലെ വിഭവങ്ങൾ

അധ്യായം – സ്വാതന്ത്ര്യാനന്തര ഇന്ത്യ

## പ്രവർത്തനം – 1 നാം മുന്നോട്ട്

ടീച്ചർ – നിങ്ങളുടെ വീട്ടിൽ മുതിർന്നവർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളും ഇന്ന് നിങ്ങൾ എല്ലാവരും ഉപയോഗിക്കുന്നതുമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.

| | |
|---|---|
| * മൺപാത്രങ്ങൾ | – ലോഹപാത്രങ്ങൾ + പ്ലാസ്റ്റിക് പാത്രങ്ങൾ |
| * അമ്മി, ഉരൽ | – മിക്സി, ഗ്രൈന്റർ. |
| * കൈത്തറി വസ്ത്രങ്ങൾ | – സിന്തറ്റിക് സിൽക്ക്. |
| * റേഡിയോ, ടി.വി. | – എൽ.ഇ.ഡി. ടി.വി./റേഡിയോ. |
| * കാൽക്കുലേറ്റർ | – മൊബൈൽ ഫോൺ |
| * ടോർച്ച് | – ലാപ്ടോപ് |
| * ടൈപ്പ്റൈറ്റർ | – കമ്പ്യൂട്ടർ |

- ലിസ്റ്റ് ചെയ്ത സാധനങ്ങളിൽ നിന്നും ഇന്ന് ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ വൈവിധ്യം ബോധ്യപ്പെട്ടല്ലോ.
- എന്തെല്ലാം പ്രത്യേകതകൾ ഇന്നത്തെ ഉപകരണങ്ങൾക്ക് കാണാനാകും?
- കുട്ടികൾ വ്യക്തിഗതമായി കുറിക്കുന്നു.
- ഇന്ന് വൈദ്യുതി ഉപയോഗിച്ച് മെഷീനുകൾ പ്രവർത്തിക്കുന്നു.
- ഒരു ഉപകരണം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

ഉദാ. – മൊബൈൽ ഫോൺ (സംസാരിക്കാൻ, കണക്കു കൂട്ടാൻ, വെളിച്ചം)

***ടീച്ചർ***

ഇത് ഉൽപ്പന്നത്തിന്റെ വൈവിധ്യതയും, സാങ്കേതിക വിദ്യയുടെ പ്രയോഗത്തോടെ ലളിതമാക്കപ്പെട്ട മനുഷ്യ പ്രയത്നവും ബോധ്യമാകുന്നുണ്ടല്ലോ.

ചോദ്യം 1. ഏത് കാലഘട്ടം മുതലാണ് ഇത്തരം മാറ്റം പ്രകടമായത്.

ചോദ്യം 2. സ്വാതന്ത്ര്യാനന്തരം ഇത്തരം മാറ്റങ്ങൾക്ക് കൈവന്ന വേഗത, വ്യാപ്തി - കുട്ടികൾ പ്രതികരിക്കുന്നു.

സ്വാതന്ത്ര്യാനന്തരം ഇന്ത്യ വിവിധ മേഖലകളിൽ ധാരാളം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇവയെ മേഖല തിരിച്ച് പറയാമോ/കുറിക്കാമോ?

* ആരോഗ്യ മേഖല
* വിദ്യാഭ്യാസ മേഖല
* ശാസ്ത്ര സാങ്കേതിക മേഖല
* ബഹിരാകാശ രംഗം
* ഗതാഗത വാർത്താ വിനിമയം
* അടിസ്ഥാന സൗകര്യ വികസനം
* സാമ്പത്തിക രംഗം

കുട്ടികളെ മുകളിൽ നൽകിയ മേഖലയുടെ അടിസ്ഥാനത്തിൽ 7 മേഖലാ ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിലും നൽകിയ മേഖലയിൽ സ്വാതന്ത്ര്യാനന്തരം ഉണ്ടായ പുരോഗതി കുറിക്കാൻ ആവശ്യപ്പെടുന്നു. ഗ്രൂപ്പിൽ പത്താം ക്ലാസ് S S ഒന്നിലെ സ്വാതന്ത്ര്യാനന്തര ഇന്ത്യ പാഠഭാഗം നൽകി വിവര ശേഖരണം നടത്താൻ ആവശ്യപ്പെടുന്നു.

ഗ്രൂപ്പിൽ വിവരശേഖരണം നടത്തുന്നു. ആവശ്യമായ സഹായങ്ങൾ ഗ്രൂപ്പിൽ അധ്യാപിക നൽകുന്നു.

## പ്രധാന ആശയങ്ങൾ

**പഞ്ചവൽസര പദ്ധതികൾ (നീതി ആയോഗ് 2015)**

വ്യവസായം - ഇരുമ്പുരുക്കു വ്യവസായം, ചെറുകിട, കുടിൽ, ഐ.റ്റി. അധിഷ്ടിത വ്യവസായങ്ങൾ, ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ, ഐ.എസ്.ആർ.ഒ., ആണവ നിലയങ്ങൾ, കാർഷിക രംഗത്തെ യന്ത്രവൽക്കരണം, ഹരിത, ധവള വിപ്ലവങ്ങൾ, വിദ്യാഭ്യാസ രംഗം, കോളേജുകൾ, ഐ.ഐ.ടി.കൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, ആശുപത്രികൾ - എ.ഐ.എം.എസ്., ഇൻഫർമേഷൻ ടെക്നോളജി - വികാസങ്ങൾ, ഗതാഗത വാർത്താ വിനിമയ രംഗത്തെ കുതിപ്പുകൾ, മംഗൾയാൻ, എഡ്യൂസാറ്റ്, കാർട്ടോസാറ്റ്, പി.എസ്.എൽ.വി., ചന്ദ്രയാൻ, ദേശീയ വിദ്യാഭ്യാസ നയം, വിദ്യാഭ്യാസ കമ്മിഷനുകൾ, ഡയറ്റ്, എസ്.എസ്.എ., ഉന്നത വിദ്യാഭ്യാസ കമ്മീഷൻ തുടങ്ങി എല്ലാ മേഖലയിലെയും പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ഓരോ ഗ്രൂപ്പും അവർക്ക് ലഭിച്ച മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ അവതരിപ്പിക്കുന്നു.

മറ്റു ഗ്രൂപ്പുകളിൽ നിന്നുള്ള അധിക വിവരങ്ങൾ കൂടി ശേഖരിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നു.

എല്ലാ ഗ്രൂപ്പുകളുടേയും അവതരണശേഷം 'ഇന്ത്യ-മുന്നോട്ട്' എന്ന പതിപ്പ് തയ്യാറാക്കുന്നു.

എല്ലാ കുട്ടികളും പതിപ്പ് തയ്യാറാക്കി എന്ന് ഉറപ്പ് വരുത്തുക.

കുട്ടികൾ പരസ്പരം മൂല്യനിർണയം നടത്തട്ടെ.

## പ്രവർത്തനം - 2 കരുതലോടെ

2 മണിക്കൂർ

സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ സ്വാതന്ത്ര്യലബ്ദിയുടെ നാളുകളിൽ ഇന്ത്യ ധാരാളം വെല്ലുവിളികളെ നേരിട്ടിട്ടുണ്ട്.
ചിലത് കുറിക്കാമോ?
കുട്ടികൾ വ്യക്തിഗതമായി കുറിക്കുന്നു.

1. വിഭജനം- തുടർുണ്ടായ പ്രശ്നങ്ങൾ
2. സംസ്ഥാന പുന:സംഘടന
3. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണം
4. അഭയാർത്ഥി പ്രശ്നങ്ങൾ
5. സാമ്പത്തിക മാന്ദ്യം
6. നാട്ടുരാജ്യങ്ങളുടെ സംയോജനം

*(ആധുനിക ഇന്ത്യാ ചരിത്രം - 10-ാം ക്ലാസ്സ് S.S.I സ്വാതന്ത്ര്യാനന്തര ഇന്ത്യ - റഫർ ചെയ്യാവുന്നതാണ്.)*

ഓരോ മേഖലയായി ഗ്രൂപ്പുകൾക്ക് നൽകുന്നു.
ഗ്രൂപ്പിൽ ചർച്ച - വിവരശേഖരണം
അവതരണം/ക്രോഡീകരണം.
*നാട്ടുരാജ്യങ്ങളുടെസംയോജനത്തിൽ പട്ടേൽ, വി.പി. മേനോൻ എന്നിവരുടെ പങ്ക്, ഭാഷാസംസ്ഥാനരൂപീകരണം,*
*അഭയാർത്ഥിപ്രവാഹം-വിഭജനം തുടങ്ങിയ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യാൻ അവസരം നൽകി അവശ്യം വേണ്ട ധാരണകൾ കുട്ടിക്ക് കിട്ടി എന്ന് ഉറപ്പ് വരുത്തുക കൂടി വേണം.*

താഴെ നൽകിയ വർക്ക് ഷീറ്റ് പൂർത്തിയാക്കുക

| ഇരുമ്പുരുക്ക് വ്യവസായശാലകൾ | സംസ്ഥാനം | സഹായം നൽകിയ രാഷ്ട്രം |
|---|---|---|
| ഭിലായി | ? | സോവിയറ്റ് യൂണിയൻ |
| ബൊക്കാറോ | ജാർഖണ്ഡ് | ? |
| ദുർഗ്ഗാപ്പൂർ | ? | ബ്രിട്ടൺ |
| ? | ഒഡീഷ | ജർമ്മനി |

അടിസ്ഥാന വികസന സൗകര്യത്തിനാണ് ആദ്യകാലത്ത് ഗവൺമെന്റ് കൂടുതൽ പ്രാധാന്യം നൽകിയത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടത്തിയ ശ്രമങ്ങളും അതിനായി കൈക്കൊണ്ട നടപടികളും ചർച്ച ചെയ്ത് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# കേരളം

2 മണിക്കൂർ

**ഉദ്ദേശ്യം**

കേരള ചരിത്ര പഠനത്തോട് ആഭിമുഖ്യം വളർത്താൻ

ഐക്യ കേരളം രൂപം കൊളളുതിന് മുൻപേ കേരളം, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ ഭരണ മേഖലകളിലായിരുന്നു എന്നും 1956 നവംബർ 1 നാണ് കേരള സംസ്ഥാനം രൂപം കൊണ്ടത് എന്നറിയുന്നതിനും.

നിരവധി നവോത്ഥാന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇന്ന് കാണുന്ന കേരളം രൂപീകരിക്കപ്പെട്ടതെന്ന് തിരിച്ചറിയുന്നു.

**സാമഗ്രികൾ**

ഭൂപടം, 10 ലെ ടെക്സ്റ്റ് ബുക്ക്, ചാർട്ട്, ICT

## പ്രവർത്തനം – 1 ഐക്യകേരളം

ഇംഗ്ലീഷുകാരെ കൂടാതെ കേരളത്തിൽ ആധിപത്യം സ്ഥാപിച്ച വിദേശ ശക്തികൾ ആരൊക്കെ ആയിരിക്കുന്നു.

കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പുള്ള മൂന്ന് മേഖലകളായി തിരിക്കപ്പെട്ട കേരള ഭൂപടം കാണിച്ചുകൊണ്ട് അവയുടെ പേരുകൾ അടയാളപ്പെടുത്താൻ ടീച്ചർ ആവശ്യപ്പെടുന്നു. (വർഷം ഉൾപ്പെടെ)

***സൂചന:*** തിരുവിതാംകൂർ, കൊച്ചി, മലബാർ

ഈ ഭരണ മേഖലകളിൽ ആധിപത്യമുറപ്പിച്ച വൈദേശിക ശക്തികളെ ടെക്സ്റ്റ്ബുക്ക് സഹായത്തോടെ കണ്ടെത്താൻ നിർദേശിക്കുന്നു.

കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം പ്രദർശിപ്പിച്ച് കേരളത്തിലെ ജില്ലകളെ തിരിച്ചറിയാൻ പറയുന്നു. കുട്ടികൾ രേഖപ്പെടുത്തി അവതരിപ്പിക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം ഒരുമിച്ച് പ്രദർശിപ്പിച്ച് സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവുമുള്ള കേരളത്തിന്റെ സവിശേഷതകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.

ആവശ്യമായ സഹായങ്ങൾ ടീച്ചർ നൽകണം

* അതിർത്തികളിൽ വന്ന മാറ്റം
* ഭരണ രംഗത്തുണ്ടായ മാറ്റം
* വൈദേശികാധിപത്യത്തിന്റെ അന്ത്യം-സ്വാതന്ത്ര്യം
* ഭാഷാടിസ്ഥാനത്തിൽ -ഐക്യ കേരളം

**ടീച്ചർ ക്രോഡീകരണം**

വൈദേശികാധിപത്യത്തിന്റെ ഗുണദോഷഫലങ്ങൾ ഇന്ത്യയിലെ പോലെ കേരളത്തിന്റെ സാമ്പത്തിക സാമൂഹിക മണ്ഡലങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ അടിസ്ഥാനത്തിൽ കണ്ടെത്തി വിവരശേഖരണം നടത്തുന്നു.

- പരമ്പരാഗതവ്യവസായം
- ആധുനികവ്യവസായം
- കാർഷിക മേഖല
-
- വിദ്യാഭ്യാസരംഗം
- ആരോഗ്യമേഖല

## പ്രവർത്തനം - 2 കേരള നവോത്ഥാനം

2 മണിക്കൂർ

ശ്രീനാരായണ ഗുരുവിന്റെ ചിത്രം കാണിച്ചോ ദർശനങ്ങൾ അവതരിപ്പിച്ചോ കേരളത്തിന്റെ സാമൂഹ്യ മാറ്റത്തിന് അദ്ദേഹം നൽകിയ സംഭാവനകളെക്കുറിച്ച് കുട്ടികളോട് ആരായുന്നു. ICT സാധ്യതകൾ ഉപയോഗപ്പെടുത്തി കേരളത്തിലെ മറ്റ് നവോത്ഥാന നായകരുടെ ചിത്രങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾ അവ തിരിച്ചറിയുന്നതോടൊപ്പം ടെക്സ്റ്റ് ബുക്കിൽനിന്നും അവരുടെ പ്രസ്ഥാനങ്ങളേയും (X<sup>th</sup> SS -1) പ്രവർത്തനങ്ങളേയും വർക്ക്ഷീറ്റിലൂടെ അവതരിപ്പിക്കാൻ നിർദേശിക്കുന്നു.

| | |
|---|---|
| • വൈകുണ്ഠ സ്വാമികൾ | • ........................................................ |
| • ........................................................ | • സഹോദര പ്രസ്ഥാനം |
| • മന്നത്ത് പത്മനാഭൻ | • ........................................................ |
| • വി.ടി.ഭട്ടതിരിപ്പാട് | • ........................................................ |
| • ........................................................ | • പ്രത്യക്ഷ രക്ഷാദൈവസഭ |
| • ........................................................ | • സാധുജനപരിപാലന സംഘം |
| • ചട്ടമ്പി സ്വാമികൾ | • ........................................................ |

കേരളത്തിലെ ജാതി ഉച്ചനീചത്വങ്ങൾക്കെതിരെ നടന്ന രണ്ട് സത്യാഗ്രഹ സമരങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കാൻ ടീച്ചർ നിർദേശിക്കുന്നു.
(ടെക്സ്റ്റ് ബുക്ക് സഹായം X<sup>th</sup> SS -1)

ശേഷം അവ നടന്ന വർഷങ്ങൾ സഹിതം അവയുടെ പേര് ചാർട്ടിൽ കാണിക്കുന്നു.

കേരളത്തിലെ ജാതി ഉച്ചനീചത്വങ്ങൾക്കെതിരെ നടന്ന രണ്ട് സത്യാഗ്രഹ സമരങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കാൻ ടീച്ചർ നിർദേശിക്കുന്നു.
(ടെക്സ്റ്റ് ബുക്ക് സഹായം X<sup>th</sup> SS -1)

**സൂചന**

| | | |
|---|---|---|
| • വൈക്കം സത്യാഗ്രഹം | - | 1924 |
| • ഗുരുവായൂർ സത്യാഗ്രഹം | - | 1931 |
| • | | |
| • | | |
| • | | |
| • | | |

• അക്കാലത്ത് നടന്ന മറ്റ് സമരങ്ങളെയും നവോത്ഥാന മുന്നേറ്റങ്ങളെയും കുറിച്ച് കൂടുതൽ വിവരം ശേഖരിച്ച് അവ നടന്ന വർഷമടക്കം രേഖപ്പെടുത്തി കാലഗണനചാർട്ട് തയ്യാറാക്കുന്നു.

നവോത്ഥാനത്തിന്റെയും, നവോത്ഥാന നായകരുടേയും പ്രവർത്തന ഫലമാണ് ഇന്ന് സമൂഹത്തിൽ ഉണ്ടായ മാറ്റം.
നവോത്ഥാന നായകരുടെ പ്രവർത്തനങ്ങൾ അവ സമൂഹത്തിനുണ്ടാക്കിയ സ്വാധീനം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

***വിലയിരുത്തൽ***

- സ്വാതന്ത്ര്യത്തിന് മുമ്പ് കേരളത്തിലെ പ്രധാന ഭരണ മേഖലകൾ കേരള ഭൂപടത്തിൽ അടയാളപ്പെടുത്തുക.
- കേരളത്തിന്റെ സാമൂഹ്യ പരിഷ്കരണത്തിന് നേതൃത്വം നൽകിയ നവോത്ഥാന നായകരെയും അവരുടെ പ്രസ്ഥാനങ്ങളേയും പട്ടികപ്പെടുത്തുക

# സാമൂഹ്യ പ്രശ്നങ്ങൾ

1 മണിക്കൂർ

**ഉദ്ദേശ്യം**

സാമൂഹ്യപ്രശ്നം ഒരു സമൂഹത്തെ മുഴുവനായും ബാധിക്കുന്നതാണെന്നും അതിന്റെ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമാണെന്നും തിരിച്ചറിയുന്നതിന് സാമൂഹ്യപ്രശ്നങ്ങളെ ഇല്ലായ്മചെയ്യണമെന്നുള്ള മനോഭാവം വളർത്തിയെടുക്കുന്നതിന്.

**സാമഗ്രികൾ**

കൊളാഷുകൾ

## പ്രവർത്തനം – 1

അമേരിക്കയിൽ നിന്നെത്തിയ മകൻ കണ്ടത് അമ്മയുടെ ഒരു മാസം പഴക്കമുള്ള മൃതദേഹം

ലഹരിമരുന്ന് മാഫിയ പ്രവർത്തനം സ്ക്കൂളുകൾ കേന്ദ്രീകരിച്ച്

നവമാധ്യമങ്ങളുടെ ദുരുപയോഗം വർദ്ധിക്കുന്നു

കൊളാഷുകൾ നിരീക്ഷിച്ച് ഇവ ഏത് സാമൂഹ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണെ് കണ്ടെത്താൻ ആവശ്യപ്പെടുക

- വൃദ്ധജനങ്ങളുടെ അനാഥത്വം
- ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം
- സൈബർ കുറ്റകൃത്യങ്ങൾ

നിങ്ങളുടെ ചുറ്റുപാടിൽ നടക്കുന്ന മറ്റ് സാമൂഹിക പ്രശ്നങ്ങളെക്കൂടി കണ്ടെത്താൻ ടീച്ചർ ആവശ്യപ്പെടുന്നു. കണ്ടെത്തലുകൾ രേഖപ്പെടുത്തി അവതരിപ്പിക്കുന്നു.

പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെ 6 പേരടങ്ങുന്ന ഗ്രൂപ്പായി തിരിക്കുകയും ഓരോ പ്രശ്നത്തിന്റെയും കാരണങ്ങൾ എന്താണെന്നും അവയ്ക്കുള്ള പരിഹാരമാർഗങ്ങൾ എന്താണെന്ന നിർദ്ദേശിക്കാനും ആവശ്യപ്പെടുന്നു.

- കൗമാരകുറ്റകൃത്യങ്ങൾ
- ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം
- സൈബർ കുറ്റകൃത്യങ്ങൾ
- ദുർബല വിഭാഗക്കാർക്കെതിരായ അതിക്രമങ്ങൾ (സ്ത്രീകൾ, കുട്ടികൾ, ദളിതർ)
- വൃദ്ധജനങ്ങളുടെ അനാഥത്വം
- ദാരിദ്ര്യം
- തൊഴിലില്ലായ്മ
- പാർപ്പിടപ്രശ്നം - ചേരികൾ
- സാമൂഹ്യ -സാമ്പത്തിക അസമത്വങ്ങൾ
-
-
-
-
-
-
-
-
-

**ചർച്ച**

വിവരശേഖരണം, അവതരണം

***ടീച്ചർ ക്രോഡീകരണം***

സമൂഹത്തിൽ ഇത്തരത്തിൽ നിരവധിയായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും അതിനെതിരെ സമൂഹ മനസ്സാക്ഷിയെ ഉണർത്തുന്നതിൽ വിദ്യാർത്ഥികൾക്ക് പങ്കുണ്ടെന്നും ബോധ്യപ്പെടുത്തുന്നു.

*ഇത്തരം പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് സ്കൂൾ തലത്തിൽ ഒരു പ്രവർത്തനം ഏറ്റെടുക്കാൻ തീരുമാനിക്കുന്നു. ആവശ്യമായ മുന്നൊരുക്കം ടീച്ചർ തയ്യാറാക്കുന്നു. കുട്ടികൾക്ക് ചുമതലകൾ നൽകുന്നു. ആവശ്യമായ ചോദ്യാവലി, പട്ടികകൾ, സർവ്വെ ഫോർമാറ്റുകൾ തുടങ്ങിയവ കുട്ടികളുടെ സഹായത്തോടെ തയ്യാറാക്കുന്നു. ഇതൊരു പ്രോജക്ട് ആയി ചെയ്യാവുന്നതാണ്. വിഷയം ടീച്ചറിന് യുക്തമായത് നൽകാവുന്നതാണ്. മികവ് അവതരണവേളയിലോ, **ശ്രദ്ധ**യുടെ പൊതു പരിപാടിയിലോ ഇതവതരിപ്പിക്കാവുന്നതാണ്. മികച്ച റിപ്പോർട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. അങ്ങനെയായാൽ **ശ്രദ്ധ** അവിടെയും ശ്രദ്ധിക്കപ്പെടും.*

*ശ്രദ്ധയുടെ ഭാഗമായ ഒരു സമൂഹബന്ധ പ്രവർത്തനമായി ഇതിനെ മാറ്റുമല്ലോ.*

# ഭൂമിശാസ്ത്രം

## ഒന്നാംഘട്ട ശില്പശാല

5 മണിക്കൂർ

**ഉദ്ദേശ്യം**

ഭൂപടങ്ങൾ എന്താണെനും, അവ വിവിധതരത്തിലുണ്ടെന്നും ഇവയുടെ ഉപയോഗം എന്തെല്ലാമെന്നുമുള്ള അടിസ്ഥാന ധാരണ നേടുന്നതിന്.

ഭൂപട നിരീക്ഷിച്ച് തോത്, ദിശ, നിറങ്ങൾ, ചിഹ്നങ്ങൾ, സൂചകങ്ങൽ എന്നിവയുടെ അടിസ്ഥാനത്തിൽ വിശകലനം നടത്തുന്നു.

**സാമഗ്രികൾ**

കേരളം, ഇന്ത്യ (Outline)

കേരളം, ഇന്ത്യ, ഭൗതിക ഭൂപടം, രാഷ്ട്രീയ ഭൂപടം

അറ്റ്ലസ്

### പ്രവർത്തനം – 1 വ്യക്തിഗതം

കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം നിരീക്ഷിച്ച് താഴെപറയുന്ന വസ്തുതകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.

നിങ്ങൾ താമസിക്കുന്ന ജില്ല

നിങ്ങളുടെ അയൽജില്ലകൾ

കേരളത്തിന്റെ ജില്ലകൾ തെക്ക് നിന്നും വടക്കോട്ട് ക്രമപ്പെടുത്തി എഴുതുന്നു.

കേരളത്തോട് ചേർന്ന് കിടക്കുന്ന സംസ്ഥാനങ്ങൾ, സമുദ്രഭാഗം എന്നിവ കണ്ടെത്താൻ ആവശ്യപ്പെടുന്നു.

കുട്ടികളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. അടിസ്ഥാന വിവരങ്ങൾ എല്ലാവർക്കും കിട്ടിയെന്ന് ഉറപ്പു വരുത്തുന്നു.

***പ്രവർത്തന സമയത്ത് പഞ്ചായത്ത്/മുനിസിപാലിറ്റി/കോർപ്പറേഷൻ ഭൂപടം നൽകാവുന്നതാണ്. ഇതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ ടീച്ചർ നടത്തേണ്ടതാണ്.***

### പ്രവർത്തനം – 2 വ്യക്തിഗതം

ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം നൽകി താഴെ പറയുന്നവ കണ്ടെത്താൻ ആവശ്യപ്പെടുന്നു.

1. ഇന്ത്യയുടെ അയൽ രാജ്യങ്ങൾ
2. ഇന്ത്യയുടെ സംസ്ഥാനങ്ങൾ, സംസ്ഥാന തലസ്ഥാനങ്ങൾ
3. സമുദ്ര അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങൾ
4. അയൽരാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങൾ
5. ഇന്ത്യയുടെ ഭാഗമായ സമുദ്രഭാഗങ്ങൾ

**പ്രവർത്തനങ്ങൾ വ്യക്തിഗതമായി ചെയ്തതിന് ശേഷം ഗ്രൂപ്പുകളിൽ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.**

## പ്രവർത്തനം - 2

ഇന്ത്യയുടെ ഭൗതിക ഭൂപടവും, രാഷ്ട്രീയ ഭൂപടവും ഒരുമിച്ച് പ്രദർശിപ്പിക്കുന്നു. ഇവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ കണ്ടെത്തിക്കുറിക്കാൻ ആവശ്യപ്പെടുന്നു.

| രാഷ്ട്രീയ ഭൂപടം | ഭൗതിക ഭൂപടം |
|---|---|
| ♦ സംസ്ഥാനങ്ങൾ (പ്രത്യേക നിറങ്ങളിൽ) | ♦ ഭൂപ്രകൃതി വിഭാഗങ്ങൾ |
| ♦ സംസ്ഥാന തലസ്ഥാനങ്ങൾ | ♦ നദികൾ |
| ♦ പ്രധാന നഗരങ്ങൾ | ♦ പർവ്വതങ്ങൾ |
| ♦ | ♦ |

*സൂചന* (ICT സാധ്യത പ്രയോജനപ്പെടുത്താവുതാണ്)

**ടീച്ചർ ക്രോഡീകരണം**

(മനുഷ്യ നിർമ്മിത സവിശേഷതകൾ ചിത്രീകരിച്ചിരിക്കുന്നത് സാംസ്കാരിക ഭൂപടവും, പ്രകൃതി/ഭൗതിക സവിശേഷതകൾ കാണിക്കുന്ന ഭൂപടം - ഭൗതിക ഭൂപവടുമാണ്)

| ഭൗതിക ഭൂപടങ്ങൾ | സാംസ്കാരിക ഭൂപടം |
|---|---|
| ഉദാ. | |
| 1. ഭൂപ്രകൃതി വിഭാഗങ്ങൾ | 1. രാഷ്ട്രീയ ഭൂപടം |
| 2. കാലാവസ്ഥാ ഭൂപടം | 2. വ്യാവസായിക ഭൂപടം |
| 3. ദിനാവസ്ഥാ ഭൂപടം | 3. ചരിത്ര ഭൂപടം |
| 4. മണ്ണിന ഭൂപടം | 4. കാർഷിക ഭൂപടം |
| 5. സസ്യജാല ഭൂപടം | 5. ഭൂവിനിയോഗ ഭൂപടം |

## പ്രവർത്തനം - 3

ഇന്ത്യയുടെ ഭൗതിക ഭൂപടം നിരീക്ഷിച്ച് അവയിൽ ഉപയോഗിച്ചിരിക്കുന്ന നിറങ്ങൾ ചിഹ്നങ്ങൾ തോത്, ദിശ മറ്റു സവിശേഷതകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.

തുടർന്ന് 8-ാം ക്ലാസ്സ് എസ്സ്.എസ്സ്. പേജ് 112 (2) പാഠപുസ്തകത്തിന്റെ സഹായത്തോടെ ചുവടെ നൽകിയിട്ടുള്ള പട്ടികയിൽ ഭൂവിവരങ്ങളുടെ ചിഹ്നം വരയ്ക്കാൻ ആവശ്യപ്പെടുന്നു.

| സൂചിക | നിറം | ചിത്രീകരിക്കുന്നത് |
|---|---|---|
| | തവിട്ട് | മണൽപരപ്പും മണൽക്കുന്നുകളും |
| | നീല | വറ്റിപ്പോകാത്ത നദികൾ |
| | കറുപ്പ് | വറ്റിപ്പോകുന്ന നദികൾ |
| | പച്ച | നിബിഡ വനം |
| | പച്ച | തുറസ്സായ വനം |
| | ചുവപ്പ് | പാർപ്പിടങ്ങൾ |
| | ചുവപ്പ് | ടാർചെയ്ത റോഡുകൾ |
| | ചുവപ്പ് | ടാർചെയ്യാത്ത റോഡുകൾ |
| | ചുവപ്പ് | വിവിധ മൺപാതകൾ |
| | മഞ്ഞ | കൃഷിസ്ഥലങ്ങൾ |
| | വെളുപ്പ് | തരിശു ഭൂമി |
| | പച്ച | തോട്ടങ്ങൾ |
| | നീല | വറ്റാത്ത കിണറുകൾ |
| | കറുപ്പ് | വറ്റുന്ന കിണറുകൾ |

**ടീച്ചർ ക്രോഡീകരണം**

1. ഭൂപടങ്ങളിൽ ഉപയോഗിച്ചിട്ടുള്ള നിറങ്ങൾ ചിഹ്നങ്ങൾ ചുരുക്കെഴുത്തുകൾ എന്നിവയുടെ വിശദീകരണമാണ് ഭൂപട സൂചകങ്ങൾ
2. ഭൂപടത്തിന്റെ തോത്, ദിശ ഇവയെക്കുറിച്ചുള്ള വിശദീകരണം ടീച്ചർ നൽകേണ്ടതാണ്.

## പ്രവർത്തനം – 5

ഒരു പ്രദേശത്തെക്കുറിച്ചുള്ള വിവരങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ഇവയെ അടിസ്ഥാനമാക്കി ഒരു സ്കെച്ച് തയ്യാറാക്കുക.

***സൂചന:***

a) 1000 മീറ്റർ വീതി, 1500 മീറ്റർ നീളം (സ്കെയിൽ അനുപാതം കുട്ടികൾ തെരഞ്ഞെടുക്കട്ടെ)

b) വടക്കു പടിഞ്ഞാറ് ഭാഗം നെൽപാടം (വടക്കു പടിഞ്ഞാറ് മൂലയിൽ നിന്ന് കിഴക്കോട്ടേക്ക് 400 മീറ്ററും തെക്കോട്ടേക്ക് 300 മീറ്ററും വ്യാപിപ്പിച്ചിരിക്കുന്നു)

c) തെക്ക് കിഴക്കുഭാഗം വനപ്രദേശം (തെക്ക് കിഴക്ക് മൂലയിൽ നിന്ന് 200 മീറ്റർ വടക്കോട്ടും 300 മീറ്റർ പടിഞ്ഞാറോട്ടും)

d) തെക്ക് കിഴക്ക് മൂലയിൽ നിന്ന് 200 മീറ്റർ വടക്കോട്ടും 300 മീറ്റർ പടിഞ്ഞാറോട്ടും

e) പുഴയ്ക്ക് കുറുകെ ഒരു പാലം

f) പുഴയ്ക്ക് കുറുകെ തെക്കു നിന്ന് വടക്കോട്ടേക്ക് ഒരു റോഡ്.

g) പാലത്തിനു വടക്കു ഭാഗത്തായി റോഡിന് ഇരുവശവും വീടുകൾ.

h) പുഴയ്ക്ക് കുറുകെ തെക്കു നിന്ന് വടക്കോട്ടേക്ക് ഒരു റോഡ്.

i) പാലത്തിന് വട ക്കുഭാഗത്തായി റോഡിന് ഒരുവശവും വീടുകൾ

j) തെക്ക് പടിഞ്ഞാറ് റോഡിനോട് ചേർന്ന് ഒരു പോസ്റ്റാഫീസ്

***തോത്, ദിശ,നിറങ്ങൾ, ഭൂപരമായ മറ്റ് സവിശേഷതകൾ കുട്ടികൾ അവതരിപ്പിക്കട്ടെ***

(കുട്ടികൾ തയ്യാറാക്കിയ ഉല്പന്നങ്ങൾ ഗ്രൂപ്പിൽ കൈമാറുക. കുട്ടികൾ അധ്യാപികയുടെ സഹായത്തോടെ വിലയിരുത്തുന്നു)

# തെരഞ്ഞെടുപ്പും ഗവൺമെന്റും

5 മണിക്കൂർ

## മൂന്നാംഘട്ട ശില്പശാല

**ഉദ്ദേശ്യം**

ജനാധിപത്യ പ്രക്രിയ എങ്ങനെയെന്നും ഭരണസംവിധാനം എങ്ങിനെ രൂപപ്പെടുന്നു എന്ന് ബോധ്യപ്പെടുത്തുന്നതിന്

ഭരണ നിർവ്വഹണം എങ്ങിനെ എന്ന് തിരിച്ചറിയുന്നതിന്

## പ്രവർത്തനം - 1

നിങ്ങളുടെ ക്ലാസ് ലീഡറെ തെരഞ്ഞെടുത്തിട്ടുണ്ടല്ലോ?

- എങ്ങിനെയാണ് ക്ലാസ്സ് ലീഡറെ തെരഞ്ഞെടുത്തത്?
- എത്രപേർ മത്സരിച്ചു?
- എന്തെല്ലാം പ്രവർത്തനങ്ങളാണ് തെരഞ്ഞടുപ്പുമായി ബന്ധപ്പെട്ട് നടന്നത്?
- സ്കൂൾ പാർലമെന്റ് ഭാരവാഹികളെ (ചെയർമാൻ,വൈസ്ചെയർമാൻ, ---------------------- എിവരെ ആരാണ് തെരഞ്ഞെടുക്കുത്.
- കുട്ടികളുടെ പ്രതികരണത്തിലൂടെ പ്രത്യക്ഷ തെരഞ്ഞെടുപ്പിനെയും പരോക്ഷ തെരഞ്ഞെടുപ്പിനെയും തിരിച്ചറിയുന്നു.
- ഇന്ത്യയിലെ തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശിപ്പിക്കുന്നു.

**ടീച്ചർ**

ഇന്ത്യയിൽ കൃത്യമായ ഇടവേളകളിൽ തെരഞ്ഞെടുപ്പ് നടക്കാറുണ്ടോ?

ആരാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

തെരഞ്ഞെടുപ്പിനാവശ്യമായ മുന്നൊരുക്കങ്ങൾ എന്തെല്ലാം?

കുട്ടികളെ 5 ഗ്രൂപ്പുകളാക്കുന്നു

1. തെരഞ്ഞെടുപ്പ് കമ്മീഷൻ
2. നിയോജക മണ്ഡലങ്ങൾ
3. തെരഞ്ഞെടുപ്പ് പ്രക്രിയ
4. രാഷ്ട്രീയ പാർട്ടികൾ
5. ഗവൺമെന്റ് രൂപീകരണം

ഗ്രൂപ്പിൽ വായനാകുറിപ്പ് വിതരണം ചെയ്യുക.

(വായനാകുറിപ്പ് ടീച്ചർ തയ്യാറാക്കി നൽകേണ്ടതാണ്)

5 ഗ്രൂപ്പുകൾ ചർച്ച ചെയ്ത് കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

ജനാധിപത്യ ഭരണസംവിധാനം എങ്ങിനെ രൂപപ്പെടുത്തുന്നു എന്ന് ടീച്ചർ ക്രോഡീകരിക്കുന്നു. (തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ, നിയോജകമണ്ഡലങ്ങൾ രൂപീകരിക്കുന്ന വിധം, സമ്മതിദായകരുടെ എണ്ണം, തെരഞ്ഞെടുപ്പ് തീയതി, തെരഞ്ഞെടുപ്പ് നടക്കുന്ന സ്ഥലം, വോട്ടർ പട്ടിക, തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർ, മത്സരിക്കുന്ന സ്ഥാനാർത്ഥികൽ, നാമനിർദേശ പത്രികാ സമർപ്പണം, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം എന്നീ എല്ലാ ആശയങ്ങളും ഉൾക്കൊള്ളുന്ന വിധം ക്രോഡീകരിക്കണം.)

## പ്രവർത്തനം - 2

**10 മിനിട്ട്**

- നിങ്ങളുടെ വാർഡിലെ ഗ്രാമസഭ നടക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?
- എന്താണ് ഗ്രാമസഭ?
- എന്തിനാണ് ഗ്രാമസഭ?
- ഒരു മാതൃകാ ഗ്രാമ സഭയുടെ വീഡിയോ പ്രദർശിപ്പിക്കുന്നു

(ഇതിലെ നടപടിക്രമങ്ങളും ചർച്ച ചെയ്യപ്പെടുന്ന മേഖലകളും കുട്ടികൾ കുറിക്കട്ടെ)

- നമ്മുടെ വാർഡിന്റെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചാണല്ലോ ഗ്രാമസഭകളിൽ ചർച്ചകൾ നടക്കുന്നത്.

  തീരുമാനങ്ങൾ നടപ്പിലാവുന്നതെങ്ങിനെയാണ്? - ആരാണ് തീരുമാനങ്ങൾ നടപ്പിലാക്കേണ്ടത്. കുട്ടികളുടെ പ്രതികരണം ആരായുന്നു.

  ഗ്രാമസഭയ്ക്ക് നിയമ നിർമ്മാണാധികാരമുണ്ടോ? ആരാണ് നിയമങ്ങൾ നിർമ്മിക്കുന്നത്?

**നിയമസഭ, രാജ്യസഭ,ലോകസഭാ നടപടി ക്രമങ്ങൾ കാണിക്കുന്ന വീഡിയോ**

**ചർച്ച**

ചർച്ചാ സൂചകങ്ങൾ

- പാർലമെന്റ് - ഘടന - പ്രവർത്തനം, നിയമനിർമ്മാണം, സഭാനടപടികൾ, ചോദ്യോത്തരവേള.

- പാർലമെന്റിന്റെ പ്രവർത്തനം നാം കണ്ടല്ലോ. പാർലമെന്റ് ഏത് വിധമാണ് പ്രവർത്തിക്കുന്നത്. ഭരണ പ്രതിപക്ഷാ അംഗങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്?

**ക്രോഡീകരണം**

ഭരണഘടനാനുസൃതമായി ഒരു രാജ്യത്തിന് വേണ്ട നിയമങ്ങൾ നിർമിക്കുന്നത് പാർലമെന്റ് ആണ്. പാർലമെന്റ് / നിയമം നിർമ്മിക്കു രീതി എങ്ങിനെയാണ് ടീച്ചർ വിശദീകരിക്കുന്നു. പാർലമെന്റിന് 2 സഭകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുത്തുന്നു.

**കാര്യ നിർവ്വഹണ വിഭാഗം**

നിയമനിർമ്മാണം നടത്തിയാൽ ഇത് രാജ്യത്ത് നടപ്പിലാക്കേണ്ടേ?

ആരാണ് രാജ്യത്ത് നിയമം നടപ്പിലാക്കുന്നത്?

കുട്ടികൾ പ്രതികരിക്കുന്നു

ഉദ്യോഗസ്ഥർ

ഏതെല്ലാം വകുപ്പുകളിൽ?

രാജ്യത്തെ വിവിധ വകുപ്പുകളിലായി ധാരാളം ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്.

**പ്രവർത്തനം - 3**

നിങ്ങൾക്കും കുടുംബത്തിനും വിവിധ ഗവൺമെന്റ് സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ പട്ടികപ്പെടുത്തുന്നു.
ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് അവതരിപ്പിക്കട്ടെ.
ടീച്ചർ ഇവ നടപ്പിലാക്കുന്നത് സർക്കാർ ഓഫീസുകളിലൂടെ ഉദ്യോഗസ്ഥരാണ്. ഇതാണ് കാര്യനിർവ്വഹണം.
ഇന്ത്യൻ കാര്യനിർവ്വഹണ വിഭാഗത്തിന്റെ ഘടന ടീച്ചർ വിശദീകരിക്കുന്നു.

***സൂചന:***

രാഷ്ട്രപതി
ഉപരാഷ്ട്രപതി
പ്രധാനമന്ത്രി
മന്ത്രിസഭ
ഉദ്യോഗസ്ഥർ

ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി ഗ്രൂപ്പുകൾ വിവരങ്ങൾ ശേഖരിക്കുന്നു. സമഗ്ര പോർട്ടൽ ടീച്ചർ ഇതിനായി പ്രയോജനപ്പെടുത്തുമല്ലോ.
തുടർന്ന് ടീച്ചർ ചില വാർത്താതലക്കെട്ടുകൾ അവതരിപ്പിക്കുന്നു.

ആൾക്കൂട്ട കൊലപാതകം :
ആശങ്ക അറിയിച്ച് കോടതി

ലഹരി മരുന്ന് വില്പന പ്രതിക്ക്
3 വർഷം തടവ്

വിഷം കലർന്ന പച്ചക്കറി :
ഇറക്കുമതി തടയണം - ഹൈക്കോടതി

**കൊളാഷ് ശ്രദ്ധിച്ചുവല്ലോ**

രാജ്യത്തെ വിവിധ കോടതികളുടെ വിധികളും നിരീക്ഷണങ്ങളുമാണ് മുകളിൽ കൊടുത്തിരിക്കുന്നത്.
രാജ്യത്ത് പ്രവർത്തിക്കുന്ന വിവിധ കോടതികൾ കണ്ടെത്താമല്ലോ?

- സുപ്രീംകോടതികൾ

- ഹൈക്കോടതികൾ
- ജില്ലാ കോടതികൾ
- സബ് കോടതികൾ
- മജിസ്ട്രേറ്റ് കോടതികൾ
- മുൻസിഫ് കോടതികൾ

**ടീച്ചർ ക്രോഡീകരണം**

ഗവൺമെന്റിന്റെ 3 ഘടകങ്ങളാണ്

നിയമനിർമ്മാണസഭ, കാര്യനിർവ്വഹണവിഭാഗം, നീതിന്യായവിഭാഗം ഈ 3 ഘടകങ്ങളും യോജിച്ചും സ,ഹകരിച്ചും പ്രവർത്തിക്കുമ്പോഴാണ് ഗവൺമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാകുന്നത്.

## പ്രവർത്തനം - 4 സ്കൂൾ പാർലമെന്റ്

2 മണിക്കൂർ

ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും പാർലമെന്റ് അംഗങ്ങളായി പരിഗണിച്ച് അവർക്കിടയിൽ തെരഞ്ഞെടുപ്പ് നടത്തി പാർലമെന്റ് ഭാരവാഹികളെ തെരഞ്ഞെടുക്കൂ.

ചെയർമാൻ

വൈസ് ചെയർമാൻ

ജനറൽ സെക്രട്ടറി

ജോയിന്റ് സെക്രട്ടറി

കലാവേദി, സാഹിത്യവേദി, കായികവേദി, സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ

***ചർച്ചാ സൂചനകൾ :***

1. അധ്യയന കാര്യങ്ങൾ / അക്കാദമിക കാര്യങ്ങൾ
2. സ്കൂൾ അച്ചടക്കം
3. ശുചിത്വം
4. ഉച്ചഭക്ഷണം.
5. വിദ്യാർത്ഥി ക്ഷേമം.
6. യാത്രാ സൗകര്യങ്ങൾ
7. കലാ, കായികം
8. ക്ലബ് പ്രവർത്തനങ്ങൾ
9. പഠനയാത്ര /ഫീൽഡ് ട്രിപ്പ്

ആദ്യ 30 മിനിറ്റ് തെരഞ്ഞെടുപ്പിന്, പിന്നീടുള്ള 30 മിനിറ്റിന് - ചോദ്യോത്തരവേള - ചർച്ച എന്നിവയ്ക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

ചോദ്യങ്ങൾ ഉന്നയിക്കേണ്ടവരെയും മറുപടി നൽകേണ്ടവരെയും മുൻകൂട്ടി തയാറാക്കി ആവശ്യമായ സഹായങ്ങൾ ടീച്ചർ നൽകേണ്ടതാണ്.

(മോക്ക് പാർലമെന്റിന്റെ വീഡിയോ ദൃശ്യങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുമല്ലോ)

# രാഷ്ട്രതന്ത്രം

1 മണിക്കൂർ

## ഒന്നാംഘട്ട ശില്പശാല

**ഉദ്ദേശ്യം**

വിവിധ തരം അവകാശങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്

1. മൗലിക അവകാശങ്ങൾ 2. സമത്വത്തിനുള്ള അവകാശം 3. സ്വാതന്ത്ര്യത്തിനുള്ള അവകാശം 4. ചൂഷണത്തിനെതിരെയുള്ള അവകാശം 5. മതസ്വാതന്ത്ര്യത്തിന് ഉള്ള അവകാശം 6. സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ 7. ഭരണഘടനാപരമായി പരിഹാരം കാണാനുള്ള അവകാശങ്ങൾ.

**ആശയങ്ങൾ**

ഇന്ത്യൻ ഭരണഘടനയിലെ നിർദേശക തത്വങ്ങളും മൗലിക ചുമതലകളും തിരിച്ചറിയുന്നതിന്

**പഠന പ്രവർത്തനങ്ങൾ**

1. ഐസി.റ്റി സാധ്യത ഉപയോഗിച്ച് ഡോ. ബി. ആർ അബേദ്ക്കർ, ഇന്ത്യൻ പാർലമെന്റ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം പ്രദർശിക്കുന്നു.
(ഇന്ത്യയിലെ നിയമ നിർമ്മാണ രീതികളെക്കുറിച്ച് ലഘു ചർച്ച )

ഭരണഘടനയുടെ രൂപീകരണ സാഹചര്യങ്ങൾ അധ്യാപകൻ പ്രസന്റേഷനാക്കി അവതരിപ്പിക്കുന്നു. പ്രധാന അവകാശങ്ങളും അവയുമായി യോജിക്കുന്ന ചിത്രങ്ങളും പ്രദർശിപ്പിക്കന്നു. പ്രധാന അവകാശങ്ങളുടെ പട്ടിക കുട്ടികൾ തയ്യാറാക്കട്ടെ

വിവിധ അവകാശങ്ങളും അവയുമായി ബന്ധപ്പെട്ട ചിത്രങ്ങളും ഗ്രൂപ്പുകളിൽ നൽകുന്നു. അവയെ അനുയോജ്യമായി ക്രമീകരിച്ച് ആൽബം തയ്യാറാക്കുന്നു.

നിർദേശക തത്വങ്ങളും മൗലിക ചുമതലകളും പ്രസന്റേഷനാക്കി അവതരിപ്പിക്കുന്നു.
(സമഗ്ര പ്രയോജനപ്പെടുത്താം)
ഉദാഹരണങ്ങൾ പട്ടികപ്പെടുത്തൽ
മൗലിക കർത്തവ്യങ്ങളെ സൂചിപ്പിക്കുന്ന വിവിധ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു ചർച്ച

പ്രവർത്തനങ്ങൾ ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി പ്രവർത്തനാധിഷ്ഠിതമാക്കണം. മൗലീകാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ എന്തു ചെയ്യാൻസാധിക്കും? ചർച്ച ചൂഷണത്തിനെതിരായ അവകാശത്തെ സംബന്ധിച്ച ചർച്ച കുട്ടികൾ, സ്ത്രീകൾ എന്നിവർക്കെതിരെയുള്ള അതിക്രമങ്ങൾ മൗലികാവകാശങ്ങൾ പുനസ്ഥാപിക്കുന്നതിനുള്ള കോടതി ഉത്തരവുകൾ **റിട്ട്** എന്ന പേരിൽ അറിയപ്പെടുന്നു. അവ പരിചയപ്പെടാം

1. ഹേബിയസ് കോർപ്പസ്
2. സമൻസ്
3. പ്രൊഹിബിഷൻ
4. സോർഷ്യോറിറ്റി
5. ക്വോവാറന്റോ

ഇതിൽ ഹേർബിയസ് കോർപ്പസ് ടീച്ചർ പരിചയപ്പെടുത്തുന്നു.
ഒരു വ്യക്തിയെ അന്യായമായി തടങ്കലിൽ വയ്ക്കുകയോ തടഞ്ഞ് വെയ്ക്കുകയോ ചെയ്യുമ്പോൾ ആ വ്യക്തിയെ ഹാജരാക്കുന്നതിന് വേണ്ടി ഹൈക്കോടതിയോ സുപ്രീംകോടതിയോ പുറപ്പെടുവിക്കുന്ന ഉത്തരവാണ് ഹേർബിയസ് കോർപ്പസ്.
സമീപകാലത്തെ ഉദാഹരണങ്ങൾ ടീച്ചർ പരാമർശിക്കട്ടെ.
അവകാശങ്ങൾ സംരക്ഷണത്തിന് കോടതികളുടെ പ്രാധാന്യം കൂടി ചർച്ച ചെയ്യാം.
തുടർന്ന് കോടതികളുടെ ഘടന പരിചയപ്പെടാം.

- സുപ്രീംകോടതി
- ഹൈക്കോടതി
- ജില്ലാ കോടതികൾ
- ക്രിമിനൽ കോടതികൾ
- മജിസ്ട്രേറ്റ് കോടതികൾ
- സിവിൽ കോടതികൾ
- മുൻസിഫ് കോടതികൾ

ഓരോ കോടതിയുടെയും ധർമ്മങ്ങൾ ടീച്ചർ വിശദീകരിക്കട്ടെ. സ്കൂളിനടുത്തുള്ള കോടതിയിലേക്ക് ഒരു പഠനയാത്ര സംഘടിപ്പിക്കൂ. കോടതിയിൽ നിന്നും മുൻകൂട്ടി അനുമതി വാങ്ങി സമയം തീയതി എന്നിവ തീരുമാനിക്കൂ.
മജിസ്ട്രേട്ട് / മുൻസിഫ് / ജഡ്ജി നേരിൽ കണ്ട് അഭിമുഖം നടത്തുമല്ലോ.
അഭിമുഖത്തിന് ആവശ്യമായ ചോദ്യാവലി കുട്ടികൾ തയ്യാറാക്കട്ടെ.
റിപ്പോർട്ട് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ?

**1 മണിക്കൂർ**

നാം സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്നവരാണല്ലോ? നാം പണം കൊടുത്ത് വാങ്ങിയ സാധനം നിശ്ചിതമായ സമയത്തിനുള്ളിൽ കേട്പാട് സംഭവിച്ചാൽ നമുക്ക് എന്ത് ചെയ്യാനാകും.
ഏതെങ്കിലും വിലപിടിപ്പുള്ള വസ്തുവിനെ ഉദാഹരിച്ച് ചർച്ചകൾ നയിക്കാം.
അത്തരം സന്ദർഭങ്ങളിൽ നാം ഉപഭോക്തൃ കോടതിയെ സമീപിക്കുന്നു. ഉപഭോക്തൃ കോടതി

കളുടെ ധർമ്മങ്ങൾ, കേസ് ഫയൽ ചെയ്യുന്ന രീതി, കേസ് നടക്കുന്ന രീതി, നഷ്ടപരിഹാരം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവ ചർച്ചചെയ്യാം. തുടർന്ന് ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റെ ഘടനയും ഓരോ തലത്തിലും പരമാവധി എത്ര രൂപയുടെ പരിഹാരതുക നൽകും എന്ന് ടീച്ചർ ബോദ്ധ്യപ്പെടുത്തട്ടെ.

ഉപഭോക്തൃ കോടതി ഘടനകൾ

ദേശീയതലം

സംസ്ഥാനതലം

ജില്ലാതലം

താലൂക്ക് തലം

ഓരോന്നിന്റെയും ഘടനയും പ്രവർത്തനവും കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ

ഉപഭോക്തൃ അവകാശങ്ങൾ എന്തൊക്കെയാണെന്നും അവ നിഷേധിക്കപ്പെട്ടാൽ കോടതികളെ സമീപിക്കാവുന്നതുമാണെന്ന പൊതുബോധം കുട്ടികളിൽ സൃഷ്ടിക്കപ്പെടാൻ കഴിയുന്ന രീതിയിൽ പ്രവർത്തനം ചിട്ടപ്പെടുത്തണം.

സാധനങ്ങളും സേവനങ്ങളും വാങ്ങി ഉപയോഗിക്കുമ്പോൾ കബളിപ്പിക്കപ്പെടാതിരിക്കുവാനും ശ്രദ്ധിക്കണം. അത്തരം ഘട്ടങ്ങളിൽ സംരക്ഷിക്കപ്പെടാനാണ് ഉപഭോക്തൃ കോടതികൾ

## പ്രവർത്തനം – ജനസംഖ്യ

**ഉദ്ദേശ്യം**

രാജ്യത്തെ ജനസംഖ്യയെ കുറിച്ച് ധാരണ നേരിടുന്നതിന്

ജനങ്ങൾ ഒരു രാജ്യത്തെ പ്രധാന വിഭവമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിന്.

ജനസംഖ്യ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ തിരിച്ചറിയുന്നതിന്

രാജ്യത്തെ വിഭവാസൂത്രണം വിഭവങ്ങളെ വിനിയോഗിക്കൽ എന്നിവയ്ക്ക് ജനസംഖ്യക്കുള്ള പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിന്.

## പ്രവർത്തനം – 1 കണക്കെടുക്കാം

- നിങ്ങളുടെ ക്ലാസിൽ എത്ര കുട്ടികളുണ്ട്?
- ആൺകുട്ടികളെത്ര ?
- പെൺകുട്ടികളെത്ര ?
- സ്കൂളിൽ ആകെ കുട്ടികൾ എത്ര ?

കണക്കുകൾ കണ്ടെത്താൻ അധ്യാപിക സഹായിക്കുന്നു.

ഇതുപോലെ കുടുംബം, സ്വന്തം പഞ്ചായത്ത്, ജില്ല, സംസ്ഥാനം, രാജ്യം ഇവിടങ്ങളിലെ ജനസംഖ്യയെ സംബന്ധിച്ച ചർച്ച 2011 സെൻസസ് റിപ്പോർട്ട് അവലംബമാക്കാം.

ഇന്റർനെറ്റിന്റെ സഹായത്തോടെ വിവരശേഖരണം നടത്താം.

- എന്തിനാണ് ജനസംഖ്യയെ സംബന്ധിച്ച് പഠിക്കുന്നത് ?

- ആസൂത്രണത്തിന്
- വിഭവ വിനിയോഗത്തിന്
- ജനങ്ങൾക്കാവശ്യമായ സൗകര്യം കണ്ടെത്തുന്നതിനും അവ എത്ര അളവിൽ, എവിടെ, എന്നീ കാര്യങ്ങൾ കണ്ടെത്തുന്നതിന്
- രാജ്യത്തെ ഒരു പ്രധാന വിഭവമാണ് മനുഷ്യൻ. എന്തുകൊണ്ട് നമ്മുടെ നാട്ടിൽ നിന്ന് വിദേശത്തേക്ക് ആളുകൾ തൊഴിൽ തേടി പോകുന്നു.

എന്തുകൊണ്ട് അന്യ സംസ്ഥാനത്തു നിന്ന് ആളുകൾ തൊഴിൽ തേടി കേരളത്തിലെത്തുന്നു.

ജനസംഖ്യാ വളർച്ച എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

തുടർന്ന് വിവിധ ഗ്രൂപ്പുകൾക്ക് ജനസംഖ്യയുമായി ബന്ധപ്പെട്ട ചില സൂചനകങ്ങൾ നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കട്ടെ.

- ജനസംഖ്യാ വലുപ്പം
- ജനസാന്ദ്രത
- പ്രായ ഘടന
- ജനസംഖ്യ വളർച്ച
- ജനന നിരക്ക്,
- മരണ നിരക്ക്
- സ്ത്രീ പുരുഷ അനുപാതം

എന്തുകൊണ്ട് ഇത്തരം കണ്ടെത്തലുകൾ നടത്തണം?

1. രാജ്യത്തെ മാനവശേഷിയുടെ ലഭ്യത അറിയാൻ
2. ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാൻ
3. ജനങ്ങൾക്ക് ആവശ്യത്തിനുള്ള സാധന സേവനങ്ങൾ തിട്ടപ്പെടുത്താൻ
4. സാമ്പത്തിക ആസൂത്രണത്തിന്

ജനസംഖ്യ പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ടീച്ചർ ക്രോഡീകരണം

**<u>ക്രോഡീകരണം</u>**

***ജനങ്ങൾ ഒരു രാജ്യത്തെ പ്രധാന വിഭവമാണ് വിഭവ വിനിയോഗത്തിനും രാഷ്ട്ര പുരോഗതിക്കും ജനസംഖ്യ പഠനം അനിവാര്യമാണ്.***

# പണവും ധനകാര്യസ്ഥാപനങ്ങളും

2 മണിക്കൂർ

**ഉദ്ദേശ്യം**

ധനം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും അവയുടെ സേവനങ്ങളും എന്തൊക്കെ യെന്ന ധാരണ നേടൽ.

## പ്രവർത്തനം – 1

കറൻസി നോട്ട് പ്രദർശിപ്പിച്ച് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടുന്നു.

- ഇതിന്റെ മൂല്യം എത്ര?
- നോട്ട് അച്ചടിച്ച ഏജൻസി ഏത്?
- എല്ലാ ബാങ്കുകളും പണം അടിച്ചിറക്കാറുണ്ടോ?

കുട്ടികളുടെ പ്രതികരണത്തെതുടർന്ന്

പണം എന്തെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി കുറിക്കുന്നു

**അവതരണം :**

- ക്രോഡീകരണം
- പണം, കരുതൽ, ശേഖരം
- വിനിമയ മാധ്യമം
- കണക്കെടുപ്പിന്റെ ഏകകം

പണം എങ്ങനെ ലഭ്യമാകുന്നു?

എവിടെ നിന്ന് ലഭിക്കുന്നു?

തുടങ്ങിയ ചോദ്യങ്ങളിലൂടെ പണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു.

ഈ സ്ഥാപനങ്ങളാണ് ധനകാര്യ സ്ഥാപനങ്ങൾ ഇവ രണ്ട് തരം

1. ബാങ്കിംഗ് സ്ഥാനങ്ങൾ
2. ബാങ്ക് ഇതര സ്ഥാപനങ്ങൾ

***ടീച്ചർ:*** നിങ്ങളുടെ സമീപത്തുള്ള ബാങ്ക് എപ്പോഴെങ്കിലും സന്ദർശിച്ചിട്ടുണ്ടാകുമല്ലോ അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ വ്യക്തിഗതമായി കുറിക്കാമോ

- വായ്പ എടുക്കൽ
-

കുട്ടികൾ അവതരിപ്പിക്കുന്നു

## ക്രോഡീകരണം

- നിക്ഷേപങ്ങൾ സ്വീകരിക്കൽ
- വായ്പ നൽകൽ
- ലോക്കർ സൗകര്യം
- എ.ടി.എം സൗകര്യം
- നെറ്റ് ബാങ്കിംഗ്
- ബില്ലുകൾ അടയ്ക്കാൻ (വൈദ്യുതി, ടെലഫോൺ)

- നിങ്ങളിൽ ആർക്കെങ്കിലും ഇൻഷുറൻസ് പരിരക്ഷയുണ്ടോ?
- ആരാണ് ഈ പരിരക്ഷ ഉറപ്പ് വരുത്തിയത്.
- ഓഹരികൾ (ഷെയറുകൾ) വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെ പരിചയമുണ്ടോ.

കുട്ടികളുടെ പ്രതികരണം

ഇവ ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച.

***സൂചനകൾ:***

ബാങ്ക് ഇതര ധനകാര്യ കമ്പനികൾ

മ്യൂച്ചൽ ഫണ്ട് സ്ഥാപനങ്ങൾ

## പ്രവർത്തനം - 2

ഇൻഷുറൻസ് കമ്പനികളുടെ സേവനങ്ങൾ, പ്രവർത്തന രീതി എന്നിവ ചർച്ച ചെയ്ത് വിവരങ്ങൾ ശേഖരിക്കട്ടെ.

- ബാങ്കിംഗ് സ്ഥാപനങ്ങളുയും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളെയും പട്ടികപ്പെടുത്തുന്നു.

| ബാങ്കിംഗ് സ്ഥാപനങ്ങൾ | ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ |
|---|---|
| | |

## ക്രോഡീകരണം

പണം ഉപയോഗിച്ച് നടത്തുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ ധനകാര്യ പ്രവർത്തനങ്ങൾ എന്നും, പണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ ധനകാര്യ സ്ഥാപനങ്ങളെന്നും മനസിലാക്കുന്നു.

# ബഡ്ജറ്റ്

1 മണിക്കൂർ

**ഉദ്ദേശ്യം**

ഗവൺമെന്റിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ പണ രൂപത്തിലുള്ള കരട് രേഖയാണ് ബഡ്ജറ്റ് എന്ന് തിരിച്ചറിയുന്നതിന്.

സർക്കാരിന്റെ വരുമാനമാർഗ്ഗങ്ങളെയും ചെലവിനങ്ങളെയും കുറിച്ച് അടിസ്ഥാന ധാരണ നേടുന്നതിന്.

വിവിധ തരം ബഡ്ജറ്റുകൾ വിശകലനം ചെയ്യുന്നതിന്.

## പ്രവർത്തനം

- സാമ്പത്തിക പ്രവർത്തനങ്ങൾക്ക് /ക്ഷേമപ്രവർത്തനങ്ങൾക്ക് പണം ആവശ്യമല്ലേ?
- സർക്കാർ എങ്ങനെയെല്ലാമാണ് ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നത് ?

ചർച്ചയിലൂടെ ആശയങ്ങൾ അവതരിപ്പിക്കട്ടെ

സർക്കാരിന്റെ വരുമാനമാർഗങ്ങൾ

നികുതി വരുമാനങ്ങൾ, നികുതിയേതര വരുമാനമാർഗങ്ങൾ

വിവിധതരം നികുതികൾ, നികുതി ഇതര വരുമാനമാർഗങ്ങൾ എന്നിവ കുട്ടികൾ കണ്ടെത്തി എഴുതട്ടെ

♦

♦

♦

♦

വരുമാനമാർഗങ്ങൾ കണ്ടെത്തിയത് അവതരിപ്പിച്ച് ക്രോഡീകരിക്കുമല്ലോ?

ഒരു ഗവൺമെന്റിന് വരുമാനം മാത്രം കണക്കാക്കിയാൽ മതിയോ ?

ചെലവുകളെ സംബന്ധിച്ച കണക്കുകൾ വേണ്ടേ ?

സർക്കാരിന് വിവിധ മേഖലകളിൽ നിന്ന് ലഭിക്കുന്ന വരുമാനവും വിവിധയിനം ചെലവുകളും കണ്ടെത്തമല്ലോ?

ഇതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിലേക്ക് ചർച്ച നയിക്കാം.

കുടുംബ ബഡ്ജറ്റ്, കുടുംബത്തിലെ ആകെ വരുമാനം – ചെലവ്, കുടുംബത്തിലെ വരുമാന സ്രോതസുകൾ

ഇതുപോലെ രാജ്യത്തിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുന്ന വരവ്, ചെലവ് എന്നിവ എന്തെന്ന്ചർച്ച ചെയ്യുന്നു.

വിവിധയിനം ബഡ്ജറ്റുകളെ സമഗ്രയുടെ സഹായത്തോടെ പരിചയപ്പെടുത്തുന്നു.

- കമ്മി ബഡ്ജറ്റ്
- മിച്ച ബഡ്ജറ്റ്
- സന്തുലിത ബഡ്ജറ്റ്
- ബഡ്ജറ്റിന്റെ പ്രാധാന്യം

**ചർച്ച**

മേൽ സൂചനകൾ വിശദമായി ചർച്ച ചെയ്യാൻ ടീച്ചർ അവസരം നൽകുന്നു.

**ക്രോഡീകരണം**

ഒരു സാമ്പത്തിക വർഷത്തിൽ ഗവൺമെന്റിന്റെ പ്രതീക്ഷിത ചെലവുകളുടെയും വരുമാനത്തിന്റെയും കണക്കുകളാണ് ബഡ്ജറ്റ്.

# സാമ്പത്തിക പ്രവർത്തനങ്ങളും സമ്പദ് വ്യവസ്ഥകളും

**ഉദ്ദേശ്യം**

ഉൽപ്പാദന മേഖലയെ കാർഷികം, വ്യാവസായികം, സേവനം, പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വേർതിരിക്കുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നതിന്.

ഉൽപ്പാദനോപാധികളുടെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ വിവിധ സമ്പദ്‌വ്യവസ്ഥകളെ തിരിച്ചറിയുന്നതിന്

## പ്രവർത്തനം - 1

| ചിത്രം - 1 | ചിത്രം - 2 | ചിത്രം - 3 |
|---|---|---|
| നെൽവയലിൽ പണിയെടുക്കുന്ന കർഷകൻ | ഒരു ഫാക്ടറിയിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളി | ആശുപത്രി ഡോക്ടർ |

ചിത്രം നിരീക്ഷിച്ച് ഓരോരുത്തരും ഏർപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ ഏതാണെന്ന് കുട്ടികൾ പ്രതികരിക്കട്ടെ.

ഇവ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിലെ തൊഴിലുകളാണെന്ന് ടീച്ചർ വ്യക്തമാക്കുന്നു.

**ക്രോഡീകരണം**

ഉൽപാദനവും അവയുടെ വിതരണവും സേവന പ്രവർത്തനങ്ങളുമാണ് സാമ്പത്തിക പ്രവർത്തനങ്ങൾ

? ദൈനംദിന ജീവിതത്തിൽ എന്തെല്ലാം സാധനങ്ങളാണ് നാം ഉപയോഗിക്കുന്നത്?

- എങ്ങനെയാണ് സാധനങ്ങൾ ഉണ്ടാക്കുന്നത്?
- ഉൽപ്പാദനം നടക്കണമെങ്കിൽ എന്തൊക്കെ ഘടകങ്ങൾ ആവശ്യമായി വരും?

ലഘു ചർച്ച, അവതരണം

കുട്ടികൾ കണ്ടെത്തിയ ഉൽപ്പന്നങ്ങൾ എല്ലാം ആരുടെ ഉടമസ്ഥതയിലാണെന്ന് താഴെ നൽകിയ പട്ടികയുടെ അടിസ്ഥാനത്തിൽ തരം തിരിക്കാൻ ആവശ്യപ്പെടുന്നു.

| സ്വകാര്യ മേഖല | പൊതു മേഖല | സംയുക്ത മേഖല |
|---|---|---|
| ♦ | ♦ | ♦ |
| ♦ | ♦ | ♦ |
| ♦ | ♦ | ♦ |
| ♦ | ♦ | ♦ |

ഗവൺമെന്റിൽ നിന്നും നമുക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ കണ്ടെത്താമോ?

സൂചന: വിദ്യാഭ്യാസം - സ്കൂൾ കോളേജ്

ആരോഗ്യം - വിവിധ ആശുപത്രികൾ

ഗതാഗതം - റോഡ്, റെയിൽ

ഉൽപ്പാദന ഘടകങ്ങളുടെ സംയോജനത്തിലൂടെ മാത്രമേ ഉൽപ്പാദനങ്ങളും സേവനങ്ങളും നമുക്ക് ലഭ്യമാവുകയുള്ളൂ.

ഈ ഉൽപ്പാദന ഘടകങ്ങളെയാണ് ഉൽപാദന ഉപാധികൾ എന്ന് പറയുന്നത്.

ഉൽപ്പാധന ഉപാധികളുടെ ഉടമസ്ഥതയനുസരിച്ചാണ് സമ്പദ്‌വ്യവസ്ഥയെ മുന്നായി തരംതിരിക്കുന്നത്.

1. മുതലാളിത്ത സമ്പദ്‌വ്യവസ്ഥ
2. മിശ്ര സമ്പദ്‌വ്യവസ്ഥ
3. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ

മൂന്നിന്റെയും പ്രത്യേകതകൾ കുട്ടികൾ അവതരിപ്പിക്കട്ടെ

**സേവന മേഖലയെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കട്ടെ.**

വർക്ക് ഷീറ്റ് പൂർത്തിയാക്കുക

| **പ്രത്യേകതകൾ** | | |
|---|---|---|
| സ്വകാര്യ മേഖല | പൊതുമേഖല | സമയുക്ത മേഖല |
| ♦ കിടമത്സരം | ♦ ഗവൺമെന്റ് ഉടമസ്ഥത | ♦ സ്വകാര്യ മേഖലയുടെയും പൊതുമേഖലയുടെയും സംയുക്ത ഇടപെടൽ |
| ♦ | ♦ | |
| ♦ | ♦ | |
| ♦ | ♦ | |
| ♦ | ♦ | |

**ടീച്ചർക്ക്:** ഒരു രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ ഉൽപാദന പരമായ പ്രവർത്തനങ്ങളെ സൂചിപ്പിക്കുകയും ജനങ്ങൾ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പരസ്പരം ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നതിനെ സംബധിച്ചാണ് സമ്പദ് വ്യവസ്ഥയിൽ വിശദീകരിക്കുന്നത്. അല്ലെങ്കിൽ ഈ സമ്പ്രദായമാണ് സമ്പദ് വ്യവസ്ഥയുടെ ചർച്ചാ വിഷയം.

**തുടർ പ്രവർത്തനങ്ങൾ**

നിർദേശങ്ങൾക്കനുസരിച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തയ്യാറാക്കുക.

നന്നങ്ങാടിയുടെ ചിത്രം

## അനുബന്ധം 1

അധ്യാപിക ഐ.സി.റ്റി സഹായത്താൽ നന്നങ്ങാടിയുടെ ചിത്രം പ്രദർശിപ്പിക്കുന്നു.

## അനുബന്ധം 2

ഏറ്റവും കൂടുതൽ ഭക്ഷ്യ ധാന്യം (നെല്ല്) ഉല്പാദനം നടക്കുന്ന ഇന്ത്യയിലെ 10 സംസ്ഥാന ങ്ങളെ കാണിക്കുന്ന ഭൂപടമാണിത്. പശ്ചിമബംഗാൾ, ഉത്തർ പ്രദേശ്, പഞ്ചാബ്, ആന്ധ്രാപ്രദേശ്, ഒറീസ്സ, തമിഴ്നാട്, ഛത്തീസ്ഗഢ്, ബീഹാർ, ആസ്സാം, ഹരിയാന തുടങ്ങിയവയാണ് ഈ സംസ്ഥാനങ്ങൾ.

ഈ സ്ഥിതിവിവരം നോക്കൂ

| | | |
|---|---|---|
| കേരളത്തിലെ ജനസംഖ്യ | – | 3 കോടി 33 ലക്ഷം |
| കേരളത്തിൽ ആകെ വേണ്ട അരി | – | 38 ലക്ഷം ടൺ |
| കേരളത്തിലെ ഉത്പാദനം | – | 770.8 ടൺ |

കേരളത്തിന് ആവശ്യമുള്ള അരി ലഭ്യമാക്കുന്ന രണ്ട് സംസ്ഥാനങ്ങലുടെ പേരെഴുതുക?
കേരളത്തിൽ നെല്ല് ഉല്പാദന വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാവും?

## അനുബന്ധം 3

കോട്ടയ്ക്കൽ (മലപ്പുറം ജില്ല) – ഭൂപടം അധ്യാപിക ഐ.സി.റ്റി ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.

മുകളിൽ കൊടുത്ത ഭൂപടം നോക്കൂ. അടുത്ത കാലത്ത് മുൻസിപ്പാലിറ്റിയായി മാറിയ ഒരു പ്രദേശത്തിന്റെ ഭൂപടമാണിത്. ഏതാണ് ഈ മുൻസിപ്പാലിറ്റി? പഞ്ചായത്ത് മുൻസിപ്പാലിറ്റിയായി മാറിയപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഇവിടുത്തെ പ്രാദേശിക ഭരണസംവിധാനത്തിൽ സംഭവിച്ചിരിക്കുക ?

ജനസംഖ്യയിൽ വന്ന മാറ്റം
ഭരണ സംവിധാനം
പ്രവർത്തനങ്ങൾ
മുൻസിപ്പാലിറ്റിയുടെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ) പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെ?

## അനുബന്ധം 4

(തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ ചിത്രീകരണം അധ്യാപിക ഐ.സി.റ്റി. ഉപയോഗിച്ച് കാണിക്കുന്നു.)

ടീച്ചർ: തെക്കു പടിഞ്ഞാറൻ കാലവർഷം ചിത്രീകരിക്കുകയാണിവിടെ.
ഏതെല്ലാം മാസങ്ങളിലാണ് ഇത് ഇന്ത്യയിൽ അനുഭവപ്പെടുന്നത് ?
ഈ കാലയളവിൽ കേരളത്തിൽ കൂടുതൽ മഴ ലഭിക്കാൻ കാരണമെന്താണ് ?
ഇന്ത്യയുമായി ബന്ധപ്പെട്ട ചില വിവരങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവയെ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക (ഇന്ത്യയുടെ രൂപരേഖ സംസ്ഥാനങ്ങൾ അടയാളപ്പെടുത്തിയത് നൽകുക)

1. വിന്ധ്യാപർവതത്തിന് സമാന്തരമായ പർവതനിര?

2. ഹിരാക്കുഡ് പദ്ധതിയുടെ ഗുണഭോക്തൃ സംസ്ഥാനം

3. ദക്ഷിണറെയിൽവെയുടെ ആസ്ഥാനം?

## അനുബന്ധം 5

ഇന്ത്യയുടെ ഏതെങ്കിലും ഒരു വാർഷിക ബഡ്ജറ്റ് സൂചിപ്പിക്കുന്ന ഡയഗ്രം അധ്യാപിക പ്രദർശിപ്പിക്കുന്നു.

ടീച്ചർ: രാജ്യത്തിന്റെ ചെലവിനങ്ങൾ സൂചിപ്പിക്കുന്ന ഡയഗ്രമാണ് മുകളിലുള്ളത്. പണം ചില വഴിക്കുന്ന രീതിയുമായി ബന്ധപ്പെടുത്തി നിങ്ങൾക്ക് എത്തിച്ചേരാവുന്ന നിഗമനങ്ങൾ കുറിക്കുക.

## കുട്ടികൾക്കുള്ള പരീക്ഷ

നിർദ്ദേശങ്ങൾ:- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കിവേണം ഉത്തരമെഴുതാൻ. ഓരോ ചോദ്യത്തിന്റെയും സ്കോർ അതാതു ചോദ്യത്തിന് നേരെ നൽകിയിരിക്കുന്നു. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. ആകെ 4 ചോദ്യങ്ങളാണുള്ളത്.

## അനുബന്ധം 6

1. ഇന്ത്യൻ ഭരണഘടനയുടെ ഒരു സവിശേഷത അധ്യാപിക ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു.

ഭരണഘടനയുടെ മറ്റ് സവിശേഷതകൾ കുട്ടികൾ പറയട്ടെ.

2. കേരളത്തിന്റെ രൂപരേഖയിൽ താഴെ പറയുന്നവ പേരെഴുതി അടയാളപ്പെടുത്തുക.

കേരളം പൊളിറ്റിക്കൽ മാപ്പ് (ജില്ലകൾ അടയാളപ്പെടുത്തുക)

(എ) 2011 ലെ സെൻസസ് അനുസരിച്ച് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനം

(സി) ചീവീടുകളില്ലാത്ത കേരളത്തിലെ വനം

(ഡി) ശങ്കരാചാര്യരുടെ ജന്മസ്ഥലം

a) ............................... b) ................................ c) ......................... d) ........................

3. ഇന്ധന ചെലവ് അനുദിനം വർദ്ധിച്ചുവരികയാണല്ലോ. ഇത് കുറയ്ക്കുവാൻ അനുയോജ്യമായ രണ്ട് മാർഗങ്ങൾ കുറിക്കാമോ ?

.......................................................................................................................................................

.......................................................................................................................................................

4. ആസൂത്രണമില്ലാത്ത നഗരവൽക്കരണത്തിന്റെ ആപത്തുകൾ ചൂണ്ടിക്കാണിക്കുക ? (3 എണ്ണം)

.......................................................................................................................................................

.......................................................................................................................................................

.......................................................................................................................................................

5. തൊഴിലില്ലായ്മ എങ്ങനെയാണ് സാമൂഹ്യ പുരോഗതിയെ തടസ്സപ്പെടുത്തുന്നത് ?

6. കേരളത്തിലെ ഒരു വർഷം ശരാശരി പെയ്യുന്ന മഴയുടെ അളവ് താഴെ കൊടുക്കുന്നു.

| മാസം | മഴ (മില്ലി മീറ്റർ) |
|---|---|
| ജനുവരി | 14.6 |
| ഫെബ്രുവരി | 16.6 |
| മാർച്ച് | 20.1 |
| ഏപ്രിൽ | 110.9 |
| മെയ് | 252.6 |
| ജൂൺ | 653.2 |
| ജൂലൈ | 687.2 |
| ആഗസ്റ്റ് | 404.7 |
| സെപ്തംബർ | 270.7 |
| ഒക്ടോബർ | 252.3 |
| നവംബർ | 158.6 |
| ഡിസംബർ | 45.9 |

എ). ജൂൺ മുതൽ സെപ്തംബർ വരെയുള്ള സമയങ്ങളിൽ കൂടുതൽ മഴ ലഭിക്കാനിടയാകുന്നതെന്തുകൊണ്ട്?

ബി). ഒക്ടോബർ നവംബർ മാസങ്ങളിൽ ലഭിക്കുന്ന മഴ കേരളത്തിൽ ഏത് പേരിൽ അറിയപ്പെടുന്നു. ?

7. ഭരണകൂടവുമായി ബന്ധപ്പെട്ട ചില വസ്തുതകൾ താഴെ കൊടുക്കുന്നു. അവയെ ഉചിതമായ തലക്കെട്ടിൽ പട്ടികപ്പെടുത്താമോ ?

1. മുഖ്യമന്ത്രി തലവനാണ്
2. പ്രധാനമന്ത്രി തലവനാണ്
3. പ്രതിരോധവുമായി ബന്ധപ്പെട്ട ചുതലയുമുണ്ട്
4. ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ചീഫ് സെക്രട്ടറിയാണ്.
5. സംസ്ഥാന നിയമസഭ

8. ജലലഭ്യതയെ പ്രതികൂലമായി ബാധിക്കുന്ന ചില വസ്തുതകൾ താഴെ കൊടുക്കുന്നു. സമാനമായ രണ്ടു വസ്തുതകൾ കണ്ടെത്താമോ ?

1. അശാസ്ത്രീയ കെട്ടിട നിർമ്മാണം
2. കുന്നിടിക്കൽ

9. അനുയോജ്യമായി ക്രമപ്പെടുത്തുക

| | |
|---|---|
| ഭൂമിശാസ്ത്രം | ജിയോളജി |
| കാലാവസ്ഥാ പഠനം | |
| | ഓഷ്യാനോ ഗ്രാഫി |

10. സാമൂഹ്യ പരിഷ്കരണ രംഗത്ത് ശ്രദ്ധേയമായ മാറ്റം കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ സാമൂഹ്യ അനാചാരങ്ങൾക്കെതിരെ ശക്തമായ സമരങ്ങളും കേരളത്തിൽ നടന്നിട്ടുണ്ട്. നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു സമരത്തെ സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കുക.

(വർഷം, നേതൃത്വം, സമരത്തിന് ഇടയായ സാഹചര്യം എന്നിവ സൂചിപ്പിക്കാൻ മറക്കരുതേ)

11. ജലം അമൂല്യമാണ്. അത് പാഴാക്കരുത്. ലോകജലദിനവുമായി ബന്ധപ്പെട്ട് നടക്കുന്ന റാലിയിലേക്ക് നാല് മുദ്രാവാക്യങ്ങൾ കുറിക്കുക.

12. കേരളത്തിന്റെ വ്യവസായ മേഖല നേരിടുന്ന ഒരു പ്രധാന പ്രതിസന്ധിയാണ് ഊർജ്ജപ്രതിസന്ധി. ഇത് പരിഹരിക്കാൻ നിങ്ങൾക്ക് സൂചിപ്പിക്കാവുന്ന പരിസ്ഥിതി സൗഹൃദപരമായ മൂന്ന് പദ്ധതികൾ എഴുതാമോ?

# ജോഗ്രഫി

2 മണിക്കൂർ

## ഒന്നാംഘട്ട ശില്പശാല - ഭൂപ്രകൃതി വിഭാഗങ്ങൾ

**ഉദ്ദേശ്യം**

വൈവിധ്യമാർന്ന ഭൂപ്രകൃതി സവിശേഷതകൾ വിശകലനം ചെയ്യുന്നു.

കാലാവസ്ഥയിലും പ്രകൃതിയിലുമുള്ള വൈവിധ്യങ്ങൾ മണ്ണിനങ്ങളുടെയും സസ്യജാലങ്ങളുടെയും വൈവിധ്യത്തിന് കാരണമാകുന്നു എന്ന ധാരണ നേടുന്നതിന്.

ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ എന്നിവയിലെ വൈവിധ്യങ്ങൾ ജനജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുന്നു.

## പ്രവർത്തനം - 1 പ്രകൃതിയെ അറിയാം

ബാബുവിന്റെ ഡയറിക്കുറിപ്പിൽ നിന്നുള്ള യാത്രാവിവരണം.

"കടലോരത്ത് സ്ഥിതിചെയ്യുന്ന എന്റെ സ്കൂളിൽ നിന്നും രാവിലെ 6 മണിക്ക് ഞാനും എന്റെ കൂട്ടുകാരും വിനോദയാത്ര പുറപ്പെട്ടു. തെങ്ങും, കവുങ്ങും, നെൽവയലുകളും തിങ്ങി നിറഞ്ഞ നിരപ്പായ പ്രദേശങ്ങളിൽ കൂടി ഞങ്ങൾ 2 മണിക്കൂറോളം യാത്ര ചെയ്ത് മലപ്പുറത്തെത്തി. ചെറിയ കുന്ന് അല്പനേരം കുന്നിൻ മുകളിൽ നിന്നുള്ള കാഴ്ച ആസ്വദിച്ചു. താഴെ റബ്ബർ തോട്ടങ്ങൾ കളകള ശബ്ദത്തോടെ ഒഴുകുന്ന കടലുണ്ടിപുഴ, തേക്കിൻ തോട്ടങ്ങൾ, മാവ്, പ്ലാവ് എന്നിങ്ങനെ നിരവധി ഫലവൃക്ഷങ്ങൾ, മരച്ചീനി, ചേന, ചേമ്പ് ഇവയെല്ലാം പറമ്പുകളിൽ കൃഷിചെയ്തിരിക്കുന്നു. പുതുനാമ്പെടുത്ത് നിൽക്കുന്ന കുരുമുളക് വള്ളിയിൽ നിറയെ തിരകൾ കാണാം. വാഴപ്പഴം വിലകുറച്ച് വിൽക്കുന്നത് കണ്ട് ഞങ്ങൾ അതും വാങ്ങി കഴിച്ച് യാത്ര തുടർന്നു. ഹാ .. എന്തു രസമുള്ള കാഴ്ചകൾ. ചുവന്ന നിറത്തിലുള്ള മണ്ണ്, ചിലയിടങ്ങളിൽ കരിങ്കൽ പാറകൾ, ബസ് പോകുന്നത് ഉയരങ്ങളിലേക്കാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. ചെങ്കുത്തായ കയറ്റിറക്കങ്ങളിലൂടെ, ഭീതിദമായ വഴികളുലൂടെ, ചുരങ്ങളിലൂടെ, ബസ്സ് നിരങ്ങുകയാണ്. ചുറ്റുപാടുമുള്ള കാഴ്ചകൾ മനസ്സിനെ കോരി നിറച്ചു. മാനം മുട്ടി നിൽക്കുന്ന മലനിരകൾ, കോടമഞ്ഞ് പെയ്തിറങ്ങുന്ന താഴ് വരകൾ, ഇടതൂർന്നു വളരുന്ന വനങ്ങൾ, ഏറെ തണുപ്പ് അനുഭവപ്പെട്ടു.വളഞ്ഞു പുളഞ്ഞ വീതി കുറഞ്ഞ് റോഡുകൾ. മൂന്നാറിനോട് അടുത്തിരിക്കുന്നു. ധാരാളം പൂക്കൾ, ഏലം തോട്ടങ്ങൾ, നിറയെ കായ്ച്ച് നിൽക്കുന്ന കുരുമുളക് വള്ളികൾ, തേയില തോട്ടങ്ങൾ, തോട്ടത്തിലെ ചെറിയ കുന്നുകൾ, മൊട്ടക്കുന്നുകളിൽ മേഞ്ഞ് നടക്കുന്ന വരയാടുകൾ ഹ....... എന്തു രസമാണിവിടം?

മൂന്നാറിലെത്തുന്നത് വരെയുള്ള ബാബുവിന്റെ യാത്ര വിവരണത്തിൽ നിന്ന് ഏതെല്ലാം പ്രകൃതി സവിശേഷതകളെ നിങ്ങൾക്ക് കണ്ടെത്താനായി.

ഓരോ കുട്ടിയോടും വ്യക്തിപരമായി കുറക്കാൻ ടീച്ചർ ആവശ്യപ്പെടുന്നു.

- കേരളത്തിന്റെ ഭൂവിഭാഗങ്ങൾ (മലനാട്, ഇടനാട്, തീരപ്രദേശം)
- കാലാവസ്ഥ

- സസ്യജാലങ്ങൾ
- മണ്ണിനങ്ങൾ
- കാർഷികവിളകൾ
-
-
-
-

കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കിയ കുറിപ്പുകളുടെ അവതരണം. കേരളത്തിന്റെ വൈവിധ്യമാർന്ന ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, വിളകൾ എന്നിവയെക്കുറിച്ച് ടീച്ചർ ക്രോഡീകരണം.

ഇത്തരം വൈവിധ്യങ്ങൾ ഇന്ത്യയിലെവിടെയും കാണാമല്ലോ?

ഇത്തരം വൈവിധ്യങ്ങൾക്ക് കാരണമെന്താകാം?

തുടർന്ന് ടീച്ചർ ഇന്ത്യയുടെ ഭൗതിക ഭൂപടം പ്രദർശിപ്പിക്കുന്നു.

ഭൂപ്രകൃതി വിഭാഗങ്ങളെ തിരിച്ചറിയുന്നു. ഐ.സി.റ്റി സാധ്യത ഉപയോഗപ്പെടുത്തി താഴെ പറയുന്നവ പ്രദർശിപ്പിക്കുന്നു.

ഓരോ ഭൂപ്രകൃതി വിഭാഗങ്ങളും അവയുടെ ഉപവിഭാഗങ്ങളും

പർവ്വതങ്ങൾ

നദികൾ

പീഠഭൂമികൾ

മണ്ണിനങ്ങൾ

ഇവയുടെ അടിസ്ഥാനത്തിൽ താഴെ നൽകിയിട്ടുള്ളവർക്ക് ഷീറ്റ് പൂർത്തീകരിക്കാൻ ആവശ്യപ്പെടുന്നു.

പൂർത്തീകരിച്ച വർക്ക്ഷീറ്റ് അവതരിപ്പിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നു.

## പ്രവർത്തനം - 2

താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു പതിപ്പ് തയ്യാറാക്കാമോ?

- ഭൂപ്രകൃതി
- തൊഴിൽ (കൃഷി, വ്യവസായം, മത്സ്യബന്ധനം etc)
- ഗതാഗതം
- സംസ്കാരിക ജീവിതം

ഈ വൈവിധ്യമാണ് ഇന്ത്യയുടെ സാംസ്കാരിക ജീവിതത്തെ സ്വാധീനിക്കുന്നത് എന്ന രീതിയിലേക്ക് ടീച്ചർ ക്രോഡീകരിക്കുന്നു. സമയം, സൂര്യന്റെ സ്ഥാനമാറ്റം, സമയനിർണയം

**ഉദ്ദേശ്യം**

സമയ നിർണയത്തെക്കുറിച്ചും സൂര്യന്റെ സ്ഥാനമാറ്റങ്ങളെക്കുറിച്ചും അടിസ്ഥാന ധാരണ നേടൽ.

## പ്രവർത്തനം - 1 മാറുന്ന സൂര്യൻ

കുട്ടിയുടെ വാച്ച് നോക്കി ഇപ്പോഴത്തെ സമയം പറയാൻ ആവശ്യപ്പെടുന്നു.

രാവിലെ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്ന സമയം എത്രയാണ്?

ഉറങ്ങുന്ന സമയം എത്രയാണ്?

തുടങ്ങിയ ചോദ്യങ്ങൾക്കുകൂടി ഉത്തരം നൽകുന്നതിലൂടെ ഒരേ പ്രദേശത്ത് ദിവസത്തിലുടനീളം വ്യത്യസ്ത സമയം ആണുള്ളതെന്ന് ടീച്ചർ സൂചിപ്പിക്കുന്നു.

ടീച്ചർ: ഇപ്പോൾ ഇന്ത്യയിൽ പകൽ 4 മണിയാണെങ്കിൽ അമേരിക്കയിലെ സമയം എത്രയായിരിക്കും? (ഇന്ത്യയുടെ നേർമറുഭാഗത്ത് വരുന്ന രാഷ്ട്രമാണ് അമേരിക്ക എന്ന സൂചന ടീച്ചർ നൽകുന്നു)

കുട്ടിയുടെ പ്രതികരണത്തെതുടർന്ന് ലോകത്തിന്റെ പലഭാഗങ്ങളിലും ഒരേ സമയത്ത് രേഖപ്പെടുത്തുന്നത് വിവിധ സമയങ്ങളാണെന്ന് ടീച്ചർ വിശദീകരണം.

ഗ്ലോബും, ടോർച്ചും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ സൂര്യോദയം ആദ്യം കാണുന്നത് ഏത് ദിക്കിലായിരിക്കും എന്ന് കുട്ടി പറയട്ടെ.

ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം കാണിക്കുന്നതിലൂടെ ഇന്ത്യയിൽ ഉദയസൂര്യനെ ആദ്യം കാണുന്നത് കിഴക്കേ അറ്റത്തെ സംസ്ഥാനമായ അരുണാചൽപ്രദേശിലുള്ളവരും വൈകി കാണുന്നത് പടിഞ്ഞാറേ അറ്റത്തെ സംസ്ഥാനമായ ഗുജറാത്തിലുമുള്ളവരാണെന്ന് തിരിച്ചറിയുന്നു.

ടീച്ചർ ക്രോഡീകരണം:

| ഭൂപ്രകൃതി വിഭാഗങ്ങൾ | ഉപവിഭാഗങ്ങൾ | മണ്ണിനങ്ങൾ | പർവ്വതം/ പീഠഭൂമി | സസ്യജലം | വ്യാപിച്ചിക്കുന്ന സ്ഥലങ്ങൾ |
|---|---|---|---|---|---|
| ഉത്തരപർവ്വത മേഖല | | | | | |
| ഉത്തര മഹാസമതലം | | | | | |
| ഉപദ്വീപിയ പീഠഭൂമി | | | | | |
| ദ്വീപുകൾ | | | | | |

ഭൂഭ്രമണം പടിഞ്ഞാറ് നിന്ന് കിഴക്കോട്ടായതിനാൽ സൂര്യനെ ആദ്യം കാണുന്നത് കിഴക്കും വൈകി കാണുന്നത് പടിഞ്ഞാറുമായിരിക്കും.
കിഴക്കുഭാഗത്ത് സമയം കൂടുതലും പടിഞ്ഞാറ് സമയകുറവും അനുഭവപ്പെടുന്നു.
ഭൂഭ്രമണത്തിന് 24 മണിക്കൂർ (1 ദിവസം) ആവശ്യമായതിനാൽ 1 മണിക്കൂർവീതം സമയം വ്യത്യാസമുള്ള 24 സമയ മേഖലകളാക്കി ലോകത്തെ തിരിച്ചിരിക്കുന്നു.

## പ്രവർത്തനം - 2

കലണ്ടറിൽ നിന്നും ഇന്നത്തെ ദിവസത്തെ ഉദയ-അസ്തമയ സമയങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു. മുഴുവൻ മാസങ്ങളിലേയും അതേ ദിവസത്തെ ഉദയാസ്തമയങ്ങളുടെ സമയം കണ്ടെത്തുന്നു.

- വിവിധ മാസങ്ങളിലെ ഉദയാസ്തമയങ്ങളുടെ വ്യത്യാസം കുട്ടികൾ കുറിക്കുന്നു.
- വിവിധ മാസങ്ങളിലെ പകലിന്റെയും രാത്രയുടെയും ദൈർഘ്യവ്യത്യാസം കുട്ടി തിരിച്ചറിയുന്നു.

ദിനരാത്രങ്ങളുടെ ദൈർഘ്യവ്യത്യാസം എന്തുകൊണ്ട്?

ഇന്ത്യയുടെ സ്ഥാനം ഏത് അർധഗോളത്തിലാണെന്ന് കുട്ടി ഗ്ലോബ് നിരീക്ഷിച്ച് കണ്ടെത്തുന്നു. ഉത്തരാർദ്ധ ഗോളത്തിൽ പകലിന്റെ ദൈർഘ്യം കൂടുതലുള്ള മാസങ്ങളിൽ (രാത്രി കുറവ്) സൂര്യന്റെ സ്ഥാനം ഉത്തരാർദ്ധ ഗോളത്തിലാണെന്നും പകലിന്റെ ദൈർഘ്യം കുറഞ്ഞ മാസങ്ങളിൽ (രാത്ര കൂടുതൽ) സൂര്യൻ ദക്ഷിണാർദ്ധ ഗോളത്തിലാണെന്നും ടീച്ചർ ക്രോഡീകരിക്കുന്നു.

ഉത്തരാർദ്ധ ഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിനുമിടയിലുള്ള സൂര്യന്റെ സ്ഥാനമാറ്റത്തെക്കുറിച്ചുള്ള സ്ലൈഡുകളുടെ പ്രദർശനം സമഗ്രയിൽ നിന്നും പ്രദർശിപ്പിക്കുന്നു.

തുടർന്ന് താഴെ നൽകിയ വർക്ക്ഷീറ്റ് പൂർത്തിയാക്കുന്നു.

| സൂര്യന്റെ സ്ഥാനം | പകലിന്റെ ദൈർഘ്യം | രാത്രിയുടെ ദൈർഘ്യം |
|---|---|---|
| ഉത്തരായന രേഖയിൽ | | |
| ഭൂമധ്യ രേഖയിൽ | | |
| ദക്ഷിണായന രേഖയിൽ | | |

ഭൂമിയിൽ എല്ലായിടത്തും ദിനരാത്രങ്ങളുടെ അളവ് ഒരുപോലെയല്ലെന്നും സൂര്യന്റെ അയനമാണ് ഇതിന് കാരണമെന്നും അറിയുന്നു.

# ഭൂഭ്രമണം, പരിക്രമണം, സ്ഥാനനിർണ്ണയം

**ഉദ്ദേശ്യം**

ഭൂമിയുടെ ഭ്രമണം, ഭ്രമണപഥം, ഭൂമിയുടെ പരിക്രമണം, പരിക്രമണ ഫലങ്ങൾ എന്നിവയെക്കുറിച്ച് ധാരണ നേടുന്നു.

അക്ഷാംശ രേഖാംശ രേഖകളുടെ അടിസ്ഥാനത്തിൽ ഭൗമോപരിതലത്തിൽ സ്ഥാനനിർണയം നടത്തുന്നതിന്.

**സാമഗ്രികൾ**

സമഗ്ര വീഡിയോ, പന്ത് ചാർട്ട്, ഗ്ലോബ്

## പ്രവർത്തനം - 1

ചുവടെ കൊടുത്തിരിക്കുന്ന ലളിതമായ ചോദ്യങ്ങളിലൂടെ ഭൂമിയിൽ അനുഭവപ്പെടുന്ന സൂര്യന്റെ സ്ഥാനത്തെക്കുറിച്ച് പ്രതികരണം ആരായുന്നു.

1. സൂര്യനെ രാവിലെ ഉച്ചക്ക്, വൈകുന്നേരം കാണുന്നത് നിങ്ങൾ നിൽക്കുന്ന സ്ഥാനത്ത് നിന്ന് എവിടെ?

2. ദിനരാത്രങ്ങൾ അനുഭവപ്പെടുന്നത് എന്തുകൊണ്ട്?

കുട്ടികൾ പ്രതികരിക്കുന്നു.

10-ാം ക്ലാസ്സിലെ ഒന്നാം അധ്യായം "ഋതുഭേദങ്ങളും സമയവും" പാഠഭാഗങ്ങളുടെ സമഗ്ര വിഭവ പോർട്ടലിലെ ഭൂഭ്രമണം വീഡിയോ, പരിക്രമണം വീഡിയോ, കുട്ടികളെ കാണിക്കുന്നു. അച്ചുതണ്ടിന്റെ ചരിവ്, രാത്രിയും പകലും അനുഭവപ്പെടുന്ന ഭാഗങ്ങൾ, ഭ്രമണദിക, പരിക്രമണപാത, പരിക്രമണപഥത്തിൽ അച്ചുതണ്ടിന്റെ ദിശയുടെ സമാന്തരത തുടങ്ങിയവ നിരീക്ഷിച്ച് രേഖപ്പെടുത്താൻ ആവശ്യപ്പെടുന്നു.

കുട്ടികൾ വ്യക്തിഗതമായി അവതരിപ്പിക്കട്ടെ?

### ടീച്ചർ ക്രോഡീകരണം:

**ഭ്രമണം**

- ഭൂമി അതിന്റെ സാങ്കല്പിക അച്ചുതണ്ടിൽ ഭ്രമണം നടത്തുന്നു.
- ഭൂഭ്രമണം പടിഞ്ഞാറ് നിന്ന് കിഴക്കോട്ട്
- ഭ്രമണം പൂർത്തീകരിക്കാൻ 24 മണിക്കൂർ ആവശ്യമാണ് - (1 ദിവസം)
- സൂര്യന് അഭിമുഖമായി വരുന്ന ഭാഗങ്ങളിൽ പകലും മറുഭാഗത്ത് രാത്രിയും അനുഭവപ്പെടുന്നു.

**പരിക്രമണം**

- സൂര്യനുചുറ്റും ദീർഘവൃത്താകൃതിയിൽ പരിക്രമണം നടത്തുന്നു.
- ഒരു പരിക്രമണം പൂർത്തിയാക്കാൻ ഭൂമിക്ക് 365 1/4 ദിവസം വേണ്ടതുണ്ട്.
- പരിക്രമണ പാതയിലുടനീളം അച്ചുതണ്ടിന്റെ ചരിവ് ഒരേ ദിശയിൽ നിലനിൽക്കുന്നു.

## പ്രവർത്തനം - 2

ക്ലാസ്സിലിരിക്കുന്ന വിദ്യാർത്ഥികളിൽ ചിലരോട് അവരുടെ ക്ലാസ്സിലെ സീറ്റിന്റെ സ്ഥാനം എവിടെയാണെന്ന് പറയാൻ ടീച്ചർ ആവശ്യപ്പെടുന്നു.
കുട്ടികൾ ഏതു നിരയിൽ, ഏതു വരിയിൽ, എത്രാമത്തെ ബഞ്ചിൽ, എത്രാമത്തെ കുട്ടി എന്നിങ്ങനെ പ്രതികരിക്കുന്നു.
ടീച്ചർ ഒരു പന്തിൽ ഒരു സ്റ്റിക്കർ ഒട്ടിച്ചിട്ട് അതിന്റെ സ്ഥാനം പന്തിൽ അടയാളപ്പെടുത്താൻ ആവശ്യപ്പെടുന്നു.
സ്റ്റിക്കറിന് കിഴക്കും പടിഞ്ഞാറുമായി സ്റ്റിക്കറിനോട് ചേർത്ത് രണ്ട് രേഖകൾ കുട്ടി വരക്കുന്നു. അതുപോലെ സ്റ്റിക്കറിന്റെ തെക്കും വടക്കുമായും സ്റ്റിക്കറിനോട് ചേർത്ത് രണ്ട് രേഖകൾ കൂടി വരക്കുന്നു.
നെടുകെയും കുറുകെയുമുള്ള വരകൾക്കിടയിലായി സ്റ്റിക്കറിനെ അടയാളപ്പെടുത്തിയിരിക്കുന്നത് എല്ലാ കുട്ടികളും നിരീക്ഷിക്കുന്നു.
നെടുകെ വരച്ച രേഖകളെ പന്തിലുടനീളം ബന്ധിപ്പിച്ച് വരക്കുന്നതോടെ ഇത് ഭൂമിയുടെ ഉപരിതലത്തിൽ വരക്കുന്ന രേഖാംശ രേഖകളാണെന്ന് ടീച്ചർ ചാർട്ട് സഹിതം വിശദീകരിക്കുന്നു.
കുറുകെ വരച്ച രേഖകളെ പന്തിലുടനീളം ബന്ധിപ്പിച്ച് വരക്കുന്നു. ഇത് ഭൂമിയുടെ (ഗ്ലോബിന്റെ) മുകളിൽ വരക്കുന്ന അക്ഷാംശ രേഖകളാണെന്നും ടീച്ചർ വിശദീകരിക്കുന്നു.

## പ്രവർത്തനം - 3

ഒരു പന്ത് നെടുകെ മുറിച്ച്, പൊള്ളയായ ഭാഗം ചാർട്ട് പേപ്പറിൽ ഒട്ടിച്ച് അർദ്ധ ഗോളമാക്കി മാറ്റുന്നു. വൃത്താകൃതിയിലുള്ള മധ്യഭാഗത്തെ പ്രൊട്ടക്ടർ ഉപയോഗിച്ച് കോണീയ അകലം വൃത്തത്തിനുചുറ്റുമായി രേഖപ്പെടുത്തുന്ന പ്രവർത്തനം ഉപരിതലത്തിൽ ലഭിച്ച കോണീയ അളവുകളുടെ അടിസ്ഥാനത്തിൽ അക്ഷാംശ രേഖാംശ ജാലികകൾക്കിടയിൽ ഭൗമോപരിതല സവിശേഷതകളുടെ സ്ഥാന നിർണയം നടത്താവുന്നതാണ്.
ഗ്ലോബ് പ്രദർശിപ്പിച്ച് ചില രാജ്യങ്ങളിലെ അക്ഷാംശ രേഖാംശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാന നിർണയം നടത്താൻ ടീച്ചർ കുട്ടികളോട് ആവശ്യപ്പെടുന്നു.

## അന്തരീക്ഷം കാറ്റ്

ആശയങ്ങൾ

1. സൗരവികിരണവും അന്തരീക്ഷതാപ പ്രക്രിയകളും
2. താപനിലയും വ്യത്യാസങ്ങളും
3. താപ വിതരണത്തിന് സ്വാധീനിക്കുന്ന ഘടകങ്ങൾ
4. കാറ്റുണ്ടാകുന്നത്
5. കാറ്റിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ

ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് ഏത് സമയത്താണ്?
ഭൂമിയിൽ സൂര്യപ്രകാശം എത്തുന്ന രീതി

ഹ്രസ്വതരംഗ രീതി, ദീർഘതരംഗ രീതി

അന്തരീക്ഷം ചൂട് പിടിക്കുന്ന പ്രക്രിയ- തിരശ്ചീന തലം

ആനിമേഷനോട് കൂടിയ വീഡിയോകൾ കാണിക്കുന്നു, (സമഗ്ര പോർട്ടൽ 9 എസ്സ്.എസ്സ് 2 അധ്യായം 1)

താപനിലയിലെ വ്യത്യാസം അളക്കുന്ന ഉപകരണങ്ങൾ

താപ വിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

1. ഭൂപ്രകൃതി
2. സമുദ്ര സാമീപ്യം
3. സ്ഥലത്തിന്റെ ഉന്നതി
4. കാറ്റുകൾ
5. ജലപ്രവാഹങ്ങൾ

മേൽ സൂചനകളെ അടിസ്ഥാനപ്പെടുത്തി ചർച്ച

## ക്രോഡീകരണം

താപവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി ക്രോഡീകരിക്കണം

## പ്രവർത്തനം - 2

ഭൂമിയിൽ വ്യത്യസ്ത തലങ്ങളിൽ വ്യത്യസ്തമായ ചൂടാണ് അനുഭവപ്പെടുന്നത് എന്താണിതിന് കാരണം? കുട്ടികൾ പ്രതികരിക്കുന്നു.

അന്തരീക്ഷ ഊഷ്മാവ് അന്തരീക്ഷ മർദ്ദത്തെ സ്വാധീനിക്കുന്നു.

മർദ്ദം - ഒരു നിശ്ചിത പ്രദേശത്തെ വായുവിന്റെ ഭാരം

ഊഷ്മാവ് കൂടിയാൽ മർദ്ദം കുറയുന്നു

ഊഷ്മാവ് കുറഞ്ഞാൽ മർദ്ദം കൂടുന്നു

മർദ്ദവ്യത്യാസത്തിന് മറ്റ് ഘടകങ്ങൾ കാരണമാകുന്നുണ്ടോ

മൂന്നാർ, ഊട്ടി, വയനാട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ മർദ്ദം കുറയുന്നതെന്തു കൊണ്ട്?

ആർദ്രത മർദ്ദത്തെ സ്വാധീനിക്കുന്നതെങ്ങനെ?

മർദ്ദവ്യത്യാസം കാറ്റിന് കാരണമാകുന്നതെങ്ങനെ?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

ചർച്ചയിലൂടെ ആശയങ്ങൾ ക്രോഡീകരിക്കുന്നു.

കാറ്റുകളെ വർഗ്ഗീകരിക്കാമോ?

ആഗോളവാതങ്ങൾ

പ്രാദേശിക വാതങ്ങൾ

കാലികവാതങ്ങൾ

ഓരോന്നിനും ഉദാഹരണം കണ്ടെത്തി ടീച്ചർ അവതരിപ്പിക്കുമല്ലോ

കാറ്റിന്റെ ദിശാ മാറ്റത്തിന് ആധാരമായ ബലം - കോറിയോലിസ്

കോറിയോലിസ് - വിശദീകരണം ടീച്ചർ നൽകുമല്ലോ

എവിടെ നിന്ന് കാറ്റടിക്കുന്നുവോ അതനുസരിച്ച് കാറ്റിന് പേര്

പർവ്വതക്കാറ്റ്

താഴ്‌വരക്കാറ്റ്

തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റ്

**മാതൃക 1**

കേരളത്തിന്റെ സ്ഥാനം – അക്ഷാംശം, രേഖാംശം, അയൽ സംസ്ഥാനങ്ങൾ ജില്ലകൾ, ഗ്രാമ പഞ്ചായത്തുകൾ എണ്ണം, ബ്ളോക്ക് പഞ്ചായത്തുകൾ എണ്ണം, മുനിസിപാലിറ്റികൾ എണ്ണം, കോർപ്പറേഷൻ എണ്ണം ഇവ കണ്ടെത്താമോ

കുട്ടി താമസിക്കുന്നത് – ഗ്രാമ പഞ്ചായത്ത് / മുനിസിപാലിറ്റി / കോർപ്പറേഷൻ

കേരളത്തിന്റെ ഭൂപ്രകൃതി – മലനാട്, ഇടനാട്, തീരപ്രദേശം

കേരളത്തിൽ കാണപ്പെടുന്ന മണ്ണിനങ്ങൾ – ഏക്കൽമണ്ണ്...........

സമുദ്രാ സാമീപ്യമുള്ള ജില്ലകൾ

കേരളത്തിലെ പ്രധാന വ്യവസായങ്ങൾ

അതിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ

കേരളത്തിലെ പ്രധാന തൊഴിൽ മേഖലകൾ

വ്യവസായം

കൃഷി

സേവനം

ഇൻഫർമേഷൻ ടെക്നോളജി

**കേരള നവോത്ഥാനം**

- നവോത്ഥാന ചിന്തകർ ആരൊക്കെയാണ്?
- എന്തായിരുന്നു അവരുടെ ആശയങ്ങൾ?
- അത്തരം ആശയങ്ങൾ ഉയർത്തുവാനുള്ള കേരളീയ സാഹചര്യങ്ങൾ എന്തൊക്കെയായിരുന്നു?
- നവോത്ഥാനകാല പ്രസ്ഥാനങ്ങളും അവർക്ക് നേതൃത്വം കൊടുത്തവരും ആരൊക്കെ?
- നവോത്ഥാന സമരങ്ങൾ കണ്ടെത്താം.

  (ICT, ലൈബ്രറി പ്രയോജനപ്പെടുത്തി വിവരങ്ങൾ ശേഖരിക്കുന്നു)

**കേരളം മാതൃക**

വിവിധ മിഷനുകൾ(ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിത കേരളം..........)

കേരളം മുന്നിട്ടു നിൽക്കുന്ന മറ്റ് മേഖലകൾ പരിശോധിക്കാം

- ഭൂപരിഷ്കരണം
- പ്രകൃതി സംരക്ഷണം
- മലിനീകരണ നിയന്ത്രണം
- സാമൂഹ്യ സുരക്ഷാപദ്ധതികൾ
- പൊതുവിതരണ സമ്പ്രദായം
- സാമൂഹ്യ ഇടപെടലുകൾ

- പരിസ്ഥിതി സംരക്ഷണം
- സഹകരണ പ്രസ്ഥാനം

**കലാസംസ്കാരം**

- കലയും സംസ്കാരവും
- സാമ്പത്തിക ആസൂത്രണം – ജനകീയാസൂത്രണം
- ടൂറിസവും തൊഴിൽ സാധ്യതകളും

മുകളിൽ സൂചനകൾ മാത്രമാണ് ഉള്ളത്. ഇവ വികസിപ്പിക്കേണ്ടതാണ്. കേരളം മുന്നോട്ട് എന്ന പതിപ്പ് തയ്യാറാക്കാം.

ഇതുപോലെ ഇന്ത്യയെ സംബന്ധിച്ച വിവിരങ്ങൾ ശേഖരിച്ച് ഇന്ത്യ മുന്നോട്ട് എന്ന പതിപ്പ് തയ്യാറാക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. ഓരോ മേഖലയിലേക്കും ആവശ്യമായ വിവരശേഖരണം നടത്തി കുട്ടികൾ ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. ഏറ്റവും പുതിയ വിവരങ്ങൾ ഉൾപ്പെടുത്താൻ ഐസി റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തട്ടെ. ഉൽപ്പന്നം ഡിജിറ്റൽ ആൽബം രൂപത്തിലും തയ്യാറാക്കാം.

ഉൽപ്പന്നങ്ങളുടെ പ്രദർശനം ഒരുക്കുമല്ലോ.